# വടക്കേക്കരി ഗ്രാമ പഞ്ചായത്ത്



# ജനകീയാസൂത്രണം
# സമഗ്രവികസന രേഖ

ചീഫ് എഡിറ്റർ - ശ്രീമതി ആനി ജേക്കബ്
( ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് )

എഡിറ്റേഴ്സ് 1) ഷാജി മാനാപ്പള്ളി ( പഞ്ചായത്ത് മെംബർ )
2) ലിജു ജോർജ്ജ് ( റിസോഴ്സ് പേഴ്സൺ )
3) കെ.എസ്. ദിവാകരൻ ( പഞ്ചായത്ത് സെക്രട്ടറി )

ഓരോരുത്തരും അവരവരുടെ
നെറ്റി വിയർക്കെ പണിയെടുത്തു
ജീവിച്ചെങ്കിൽ ഭൂമി സ്വർഗമായി
മാറുമായിരുന്നു.

— ഗാന്ധിജി

Computer Type Setting & Lay Out
**PC Tech** Kozhencherry

Printed At *Print Art Offset* Printers , Kozhencherry
Ph: 0473 - 314392, 313239, 314621

30-5

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന രേഖ



വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത്

# ആദരാഞ്ജലി



റാന്നി താലൂക്കിന്റെയും വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിന്റെയും വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി അക്ഷീണം പ്രയത്നിച്ച് M.L.A. ആയിരിക്കുമ്പോൾ അന്തരിച്ച **M.C CHERIYAN** അവർകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ സമഗ്രവികസന രേഖ ജനങ്ങൾക്കായി സമർപ്പിക്കുന്നു.

പഞ്ചായത്ത് കമ്മറ്റിക്കുവേണ്ടി പ്രസിഡന്റ്

**ആനി ജേക്കബ്**

താഴത്തില്ലത്ത്



## ഉള്ളടക്കം


1 ആമുഖം

2 പഞ്ചായത്ത് പൊതുവിവരണം

3 സാമൂഹിക സാംസ്കാരിക ചരിത്രം

4 ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

5-1 കൃഷിയും ജലസേചനവും

5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5-3 വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5-7 ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

5-8 സംസ്കാരം

5-9 വനിതാക്ഷേമം

5-10 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

5-11 വിഭവസമാഹരണം

6 കൃതജ്ഞത




## വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

- ശ്രീമതി. ആനി ജേക്കബ്
- ശ്രീ. പി. എൻ. വാസുദേവൻ
- ഡോ. റ്റി. ,സി. ഈപ്പൻ
- ശ്രീമതി. അന്നമ്മ മാത്യു
- അഡ്വ. റ്റി. സി. അലക്സ്
- ശ്രീ. എൻ. കെ. ശിവൻകുട്ടി.
- ശ്രീമതി. ഇ. വി. ശാന്തമ്മ
- ശ്രീ. ഷാജി മാനാപ്പള്ളിൽ
- ശ്രീമതി. റോസമ്മ തോമസ്
- ശ്രീ. എ. വി. ആനന്ദൻ
- ശ്രീ. മണിയാർ രാധാകൃഷ്ണൻ
- ശ്രീ. ലിജു ജോർഇജ്
- ശ്രീ. എ. ജി. സോമൻപിള്ള
- ശ്രീ. ഏബ്രഹാം തോമസ്
- ശ്രീ. റ്റി. വി. ജോസഫ്
- ശ്രീ. സി. എൻ. ഗോപാലകൃഷ്ണൻ
- ശ്രീ. സ്കറിയ വർഗ്ഗീസ്
- ശ്രീ. രാജു ആന്റണി
- ശ്രീ. എം. വി. ഗോപാലകൃഷ്ണൻ നായർ
- ശ്രീ. കെ. എ. ജോർഇജ്
- ശ്രീ. ഏബ്രഹാം വർഗ്ഗീസ്
- ശ്രീ. സി. കെ തോമസ്
- ശ്രീ. പി. കെ പ്രഭാകരൻ
- ശ്രീ. എൻ. ജനാർദ്ദനൻനായർ
- ശ്രീമതി. കോമളം അനിരുദ്ധൻ
- ശ്രീ. പി. ജെ. ബാബു
- ശ്രീ. പി. എം. മനോഹരൻ
- ശ്രീ. കെ. ജി. ശിവരാമൻ

# വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് ഭരണസമിതി



പ്രസിഡന്റ്, ആനി ജേക്കബ്



പി. എൻ. വാസുദേവൻ
വൈസ് പ്രസിഡന്റ്



Dr.റ്റി.സി ഈപ്പൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



എ. വി. ആനന്ദൻ
മെമ്പർ & മുൻ പ്രസിഡന്റ്



അന്നമ്മ മാത്യു
മെമ്പർ



എൻ. കെ. ശിവൻകുട്ടി
മെമ്പർ



അഡ്വ. റ്റി. സി. അലക്സ്
മെമ്പർ



ഷാജി മാനാപ്പള്ളിൽ
മെമ്പർ



ഇ. വി. ശാന്തമ്മ
മെമ്പർ



റോസമ്മ തോമസ്
മെമ്പർ

# മുൻപ്രസിഡന്റുമാർ



തോമസ് ഏബ്രഹാം



റ്റി. റ്റി. തോമസ്



അഡ്വ. സി. പി. ഏബ്രഹാം



പി. കെ. പ്രഭാകരൻ



എ. വി. ആനന്ദൻ



പി. ജെ. ജോസഫ്



# ആമുഖം

വൈദേശികാധിപത്യത്തിൽനിന്നും ഭാരതം മോചനം നേടിയിട്ട് അരനൂറ്റാണ്ടാകുന്നു. സ്വാതന്ത്ര്യലബ്ധിയുടെ കനകജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. രാഷ്ട്രത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി എട്ടുപഞ്ചവ ത്സരപദ്ധതികൾ പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞു. കൃഷി, വിദ്യാഭ്യാസം, വ്യവസായം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഗണ്യമായ പുരോഗതി സായത്തമാക്കാൻ നമ്മുടെ രാജ്യത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ മറ്റു പലമേഖലകളിലും ലക്ഷ്യസാക്ഷാത്കാരമെന്നല്ല അതിനടുത്തെത്താൻപോലും കഴിഞ്ഞിട്ടില്ല. പ്രാദേശികാവശ്യങ്ങളും, സാദ്ധ്യതകളും കണക്കിലെ ടുക്കാതെയുള്ള കേന്ദ്രീകൃത ആസൂത്രണവും ഉദ്യോഗസ്ഥമേധാവിത്വവും പദ്ധതി നടത്തിപ്പിന്റെ പരാജയത്തിനും അഴിമതിക്കും കാരണമായി. പദ്ധതികളെക്കുറിച്ച് സാധാരണ ജനങ്ങൾക്കുള്ള അജ്ഞതയും തന്മൂലമുള്ള നിസ്സംഗഭാവവും അഴിമതിക്ക് ആക്കംകൂട്ടി.

കാർഷിക വ്യാവസായികമേഖലകളിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനം എല്ലാ അർത്ഥത്തിലും ഒരു ഉപഭോക്തൃ സംസ്ഥാനമായിതീർന്നിരിക്കുന്നു. സാക്ഷരത, പൊതുജനാരോഗ്യം, ഭവന നിർമ്മാണം തുടങ്ങിയ പല രംഗങ്ങളിലും നൂതനങ്ങളായ വികസന മാർഗ്ഗം അവലംബിച്ച് ഇന്ത്യയിൽ നാം ഒന്നാമതെത്തുകയും അന്തർദേശീയ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തപ്പോൾ ഉത്പാദന രംഗത്ത് ഭൂരിപക്ഷം സംസ്ഥാനങ്ങളുടെയും പിന്നിലാണ്. കേരളത്തിന്റെ സ്ഥാനം. ഇതിനു പരിഹാരം കാണാതെ നാം നേടിയ പുരോഗതി നിലനിർത്താനും പുതിയ നേട്ടങ്ങൾ കൈവരിക്കാനും കഴിയില്ല. ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണത്തിന്റെ പ്രാധാന്യവും പ്രസക്തിയും വർദ്ധിപ്പിക്കുന്നത്. അതതുനാടിന്റെ പ്രശ്നങ്ങളും ആവശ്യങ്ങളും സാദ്ധ്യതകളും കണ്ടറിഞ്ഞ് നാട്ടുകാർ തന്നെ വികസനപദ്ധതികൾ ആവിഷ്കരിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുതലങ്ങളിൽ നടത്തുന്ന വികസനപ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിപ്പും ജനപങ്കാളിത്തത്തോടെയാകുമ്പോൾ കേന്ദ്രീകൃത ആസൂത്രണത്തിന്റെ ശാപങ്ങളിൽനിന്ന് വിമുക്തമാവുന്നു. അഴിമതിക്കുള്ള സാദ്ധ്യതതന്നെ വിരളമാകുന്നു. പദ്ധതികളുടെ നടത്തിപ്പിൽ ജനങ്ങളുടെ താൽപര്യം വർദ്ധിക്കുന്നു. കക്ഷിരാഷ്ട്രീയത്തിന്റെയോ മറ്റു സങ്കുചിതചിന്താഗതികളുടെയോ വേലികെട്ടുകൾ ജനകീയാസൂത്രണത്തിനു വിഘാതമാകരുത്.

വടശ്ശേരിക്കര പഞ്ചായത്തിലെ ജനകീയാസൂത്രണത്തിന്റെ പ്രാരംഭം കുറിച്ചത് 8-10-96ൽ ചേർന്ന കമ്മിറ്റി തീരുമാനത്തിലൂടെയാണ്. 10-10-96-ൽ ഗ്രാമസഭകൾ ആരംഭിച്ചു. ഗ്രാമസഭകളിൽ ജനങ്ങളുടെ സാന്നിദ്ധ്യം തികച്ചും പ്രോത്സാഹജനകമായിരുന്നു. 3-12-96ൽ ആരംഭിച്ച പഠന പര്യടനം പൂർത്തിയാക്കാൻ മൂന്നു ദിവസം വേണ്ടിവന്നു. തുടർന്ന് വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആരംഭിച്ചു. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനം യാഥാർത്ഥ്യമാക്കുന്നതിന് സമ്പൂർണ്ണ ജനപങ്കാളിത്തം അത്യന്താപേക്ഷിതമാണ്. സ്വാശ്രയ ഭാരതം എന്ന രാഷ്ട്രപിതാവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ നമുക്കും പങ്കാളികളാകാം.

# 2. വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത്

## പൊതുവിവരണം

| | | |
|---|---|---|
| ജില്ല | — | പത്തനംതിട്ട |
| പഞ്ചായത്തിന്റെ പേര് | — | വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | — | വടശ്ശേരിക്കര |
| ബ്ലോക്കു പഞ്ചായത്ത് | — | റാന്നി |
| ബ്ലോക്കുപഞ്ചായത്ത് ഡിവിഷൻ | — | 3-ാം വാർഡ് റാന്നി ഡിവിഷൻ<br>9വാർഡുകൾ വടശ്ശേരിക്കര |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | — | 3-ാംവാർഡ് റാന്നി ഡിവിഷൻ<br>9വാർഡുകൾ ചിററാർ ഡിവിഷൻ |
| താലൂക്ക് | — | റാന്നി |
| പാർലമെന്റ് മണ്ഡലം | — | ഇടുക്കി |
| അസംബ്ലി മണ്ഡലം | — | റാന്നി |
| വിസ്തീർണ്ണം | — | 59.59 Sq. K.M |

**അതിരുകൾ**

| | | |
|---|---|---|
| കിഴക്ക് | — | ചിറ്റാർ പഞ്ചായത്ത് |
| വടക്ക് | — | പെരുനാട്, നാരാണംമൂഴി റാന്നി, പഴവങ്ങാടി പഞ്ചായത്തുകൾ |
| തെക്ക് | — | മലയാലപ്പുഴ പഞ്ചായത്ത് |
| പടിഞ്ഞാറ് | — | മൈലപ്ര, റാന്നി പഞ്ചായത്തുകൾ |
| ജനസംഖ്യ | — | 21974 |
| ജനസാന്ദ്രത | — | 369 ച. കി. മീറ്ററിന് |
| പുരുഷന്മാർ | — | 10848. |
| സ്ത്രീകൾ | — | 11126 |
| വാർഡുകൾ | — | 10 |
| പ്രസിഡൻ് | — | ശ്രീമതി. ആനി ജേക്കബ് |
| വൈസ് പ്രസിഡന്റ് | — | ശ്രീ. പി. എൻ. വാസുദേവൻ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | — | Dr. റ്റി. സി. ഈപ്പൻ. |

3

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

പൗരാണിക കാലഘട്ടവുമായി ബന്ധപ്പെട്ട ചരിത്ര പശ്ചാത്തലം നമ്മുടെ ഗ്രാമ പഞ്ചായത്തിനവകാശപ്പെടാനില്ല. അറിയപ്പെടുന്ന ചരിത്രം ഇരുപതാം നൂറ്റാണ്ടിന്റേതാണ്. ദക്ഷിണ ഗംഗയെന്നു പുകഴ്പെറ്റ പമ്പാനദിയുടേയും കല്ലാറിന്റേയും സംഗമ സ്ഥാനമെന്ന നിലയിൽ ഭൂമിശാസ്ത്രത്തിൽ പണ്ടേ സ്ഥാനംലഭിച്ചിട്ടുണ്ട്. ഈ സ്ഥല നാമത്തിന് ചരിത്രപരമായ ഒരു സൂചിത കഥയുണ്ട്.

കണ്ണൂർ ജില്ലയിൽ വടശ്ശേരി എന്നു പേരുള്ള ഒരു ഇല്ലം ഉണ്ടായിരുന്നു നൂറ്റാണ്ടുകൾക്ക് മുൻപേ നടന്ന പടയോട്ട കാലത്ത് ആ ബ്രാഹ്മിണ കുടുംബം പ്രാണഭയം മൂലം നാട് വിട്ട് തെക്കോട്ട് സഞ്ചരിച്ച നാഗർകോവിലിൽ താമസമുറപ്പിച്ചു. പണ്ഡിത വരേണ്യരും സന്ന്യാസശ്രേഷ്ഠരുമുൾപ്പെട്ട ആ കുടുംബത്തിലെ ഒരു ശാഖ പിൽക്കാലത്ത് പന്തളം രാജാവിന്റെ അഭ്യർത്ഥന മാനിച്ച് ഇങ്ങോട്ട് പോന്നു. പെരുന്നാട് ധർമ്മശാസ്താ ക്ഷേത്രം. മാടമൺ ഹൃഷികേശക്ഷേത്രം പ്രയാർ മഹാവിഷ്ണു ക്ഷേത്രം. എന്നിവിടങ്ങളിലെ കാരായ്മ അവകാശം നൽകി പമ്പയുടേയും കല്ലാറിന്റേയും സംഗമസ്ഥാനത്തോട് ചേർന്നു രാജാവ കരമൊഴിവായി നൽകിയ രണ്ടേക്കർ നാല്പത്തിയെട്ട് സെന്റ സ്ഥലത്ത് ഇല്ലം സ്ഥാപിച്ചു വടശ്ശേരി ഇല്ലം സ്ഥിതി ചെയ്യുന്നു കര വടശ്ശേരിക്കരയായി. പിൽക്കാലത്തു അതു ഗ്രാമത്തിന്റെ പേരായിത്തീർന്നു.

മലകളും കുന്നുകളും ഉൾപ്പെട്ട ഹരിതഭംഗി നിറഞ്ഞ ഹൃദയഹാരിയായ ഈ ഗ്രാമത്തിന്റെ കുറേ ഭാഗം വനമാണ്. മലഞ്ചരക്കുകളുടേയും കാർഷികോല്പന്നങ്ങളു ടേയും വിപണനത്തിനു ജലഗതാഗത്തെ മുഖ്യമായും ആശ്രയിച്ചിരുന്നു. കാലത്തു അവകൊണ്ടുവന്നു ശേഖരിക്കുന്നതിനുള്ള സ്റ്റോറും ബംഗ്ലാവും പമ്പാനദിയുടെ തീരത്ത് പണികഴിപ്പിച്ചിരുന്നു. അവിടെനിന്നും ഉല്പന്നങ്ങൾ വള്ളങ്ങളിൽ ആലപ്പുഴ, കൊച്ചി തുടങ്ങിയ പ്രസിദ്ധ വ്യാപാര കേന്ദ്രങ്ങളിലേക്കയക്കുകയായിരുന്നു പതിവ്. ബംഗ്ലാവ്ഉള്ള സ്ഥലമായതിനാൽ പ്രസ്തുതകടവിന് ബംഗ്ലാവ്കടവെന്ന് പേർ ലഭിച്ചു. 1099-ലെ വെള്ളപ്പൊക്കത്തിൽ ബ്രിട്ടീഷ്തോട്ടം ഉടമകളുടെ വകയായിരുന്ന ബംഗ്ലാവ് നാമാവിശേഷമായി.

അന്താരാഷ്ട്ര പ്രസിദ്ധി നേടിയ തീർത്ഥാടന കേന്ദ്രമായ ശബരി മലയിൽ ശ്രീ ധർമ്മ ശാസ്താവിന് ചാർത്തുന്നതിനുള്ള തിരുവാഭരണവും വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര കടന്നുപോകുന്നതു വടശ്ശേരിക്കര വഴിയാണ്. ഭക്തജനങ്ങൾക്ക് ദർശനം നടത്തുന്നതിനും കാണിക്ക അർപ്പിക്കുന്നതിനുമായി ഇടക്കുളം ശ്രീ. അയ്യപ്പമന്ദിരത്തിലും ചെറുകാവ് ദേവീക്ഷേത്ര സന്നിധിയിലും പ്രയാർ മഹാവിഷ്ണുക്ഷേത്രസന്നിധിയിലും തിരുവാഭരണം പ്രദർശിപ്പിക്കാറുണ്ട്.

മത സൗഹാർദ്ദത്തിന്റേയും സമത്വത്തിന്റേയും സന്ദേശം വിളിച്ചോതുന്ന ശബരിമല തീർത്ഥാടന കാലം വടശ്ശേരിക്കര ഉത്സവ കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന ആവശ്യം വളരെക്കാലമായി ഉന്നയിച്ചു വരുന്നതാണ്. ശബരിമലയുടേയും മറ്റൊരു തീർത്ഥാടന കേന്ദ്രമായ നിലയ്ക്കലിന്റേയും കവാടമെന്ന് വടശ്ശേരിക്കരയെ വിശേഷിപ്പിച്ചു വരുന്നു. ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായ വടശ്ശേരിക്കര ടൗണിനോട് ചേർന്നു തീർത്ഥാകരുടെ ഉപയോഗം ലക്ഷ്യമാക്കി പഞ്ചായത്തിന്റെ വകയായി 20 മുറികളുള്ള കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

ഈ ഗ്രാമത്തിലെ പ്രഥമ വിദ്യാലയം 1087-ൽ സ്ഥാപിതമായ വടശ്ശേരിക്കര ഗവ:ലോവർ പ്രൈമറി സ്ക്കൂളാണ് കാവനാൽ റബർ എസ്റ്റേറ്റു മാനേജരായിരുന്ന ചാറൽസ് ബ്രാണ്ടൻ എന്ന ബ്രിട്ടീഷുകാരനാണ് ഇതു സ്ഥാപിച്ചതു. 1907-ൽ ആരംഭിച്ച കുമ്പളാം പൊയ്ക C.M.S

ഹൈസ്ക്കൂളും 1920-ൽ ആരംഭിച്ച വടശ്ശേരിക്കര റ്റി. റ്റി. റ്റി. എം വോക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളും 1936-ൽ സ്ഥാപിച്ച ഇടക്കുളം ഗുരുകുലം മാർത്തോമ്മാ ഹൈസ്ക്കൂളും ഈ പഞ്ചായത്തിലെ സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. ഇതോടുകൂടി ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും ആയിത്തീർന്ന ധാരാളംപേർ ജീവിതത്തിന്റെ നാനാതുറകളിലും വിശിഷ്ഠ സേവനമനുഷ്ഠിച്ച് വരുന്നു. എറണാകുളം ജില്ലയിൽ സമ്പൂർണ്ണ സാക്ഷരത നടപ്പാക്കിയ എറണാകുളം ജില്ലാ കളക്റ്ററായിരുന്ന ശ്രീ. കെ. ആർ. രാജൻ I.A.S(മുൻ പഞ്ചായത്ത് മെമ്പർ കൊച്ചുമുറിയിൽ ശ്രീ. കെ. കുഞ്ഞുരാമന്റെ മകൻ) ഇലന്തൂർ പതാലിൽ ശ്രീ. ദിവാകരൻ I.A.S ഉത്തരപ്രദേശിൽ ഐ. ജി യായി സേവനമനുഷ്ഠിക്കുന്നു. വലിയ തോട്ടത്തിൽ ശ്രീ. വി. കെ. ബാലൻ നായർ I.P.S കുമ്പളാംപൊയ്ക മുളവേലിൽ ശ്രീ. സ്റ്റീഫൻ ജോർജ്ജ് ഐ. ഇ. എസ് ലോകപ്രശസ്ത സാമൂഹിക ശാസ്ത്രജ്ഞനായ Dr. ജോർജ്ജ് മാത്യു കിഴക്കേതിൽഎന്നിവർ P.U.C.Lന്റെ Director എന്നിവർ പ്രത്യേകം പരാമർശം അർഹിക്കുന്നതാണ്.

1952-ൽ ചിറ്റാർ സീതത്തോട് പ്രദേശങ്ങൾ ഫുഡ് പ്രോഡക്ഷൻ ഏറിയ ആയി പ്രഖ്യാപിച്ചതോടു കൂടിറോഡു ഗതാഗതത്തിന്റെ വികസനത്തിന് പ്രാരംഭം കുറിച്ചു. മണ്ണാരകുളത്തി രാജാമ്പാറ റോഡിനു പുറമേ വടശ്ശേരിക്കര ചിറ്റാർ സീതത്തോട് മുതലായ സ്ഥലങ്ങൾക്ക് ഇതു മൂലം പ്രാധാന്യം ലഭിച്ചു. സി. കെ. എം യൂണിന്റെ വക തുറന്ന ബസ്സാണ് ആദ്യകാലത്തുണ്ടായിരുന്നത് തുടർന്ന് ഈ. വി. എം. എസ്, സെന്റ് തോമസ് രാജ രാജേശ്വരി തുടങ്ങിയ ബസ്സ് സർവ്വീസുകളും ഉണ്ടായി. ശബരിമല തീർത്ഥാടനവും ശബരിഗിരി ജല വൈദ്യുത പദ്ധതിയും ഗതാഗതത്തിന്റെ വളർച്ചയ്ക്കു ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട് 1960-ൽ ഇലക്ട്രിസിറ്റി ബോർഡ് കല്ലാറിന് കുറുകേ വടശ്ശേരിക്കരപ്പാലം പണികഴിപ്പിച്ചതോടെ കിഴക്കൻ മേഖലയുടെ ഗതാഗതവികസനത്തിന് ആക്കം കൂടി.

വടശ്ശേരിക്കര, പെരുനാട് പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന പമ്പാ ജലസേചനപദ്ധതി കേരളത്തിലെ പ്രധാന ജലസേചനപദ്ധതികളിലൊന്നാണ് കക്കാട്ടാറിൽ മണിയാർ എന്ന സ്ഥലത്തു ഡാം കെട്ടി. കനാൽ മാർഗ്ഗംജലം പടിഞ്ഞാറൻ പ്രദേശങ്ങളിൽ എത്തിക്കുന്നു. മൂന്നടത്തണലുകളും മൂന്ന് അക്വഡേറ്റുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. മണിയാർ ഡാം, റിസർവോയർ, വനമേഖല സ്വകാര്യമേഖലയിലുള്ള കാർ ബോറാണ്ടം മിനി പവർസ്റ്റേഷൻ ഇവയെല്ലാം ചേർന്ന മണിയാർ ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാൻ എല്ലാ സാധ്യതകളും ഒത്തുചേർന്ന താണ്. വടശ്ശേരിക്കര പഞ്ചായത്തും. അതുപോലെ റാന്നിയുടെ മുൻ M.L.A ആയിരുന്ന ശ്രീ. M.C ചെറിയാനും സംസ്ഥാന ഗവൺമെന്റുകളോട് ആവശ്യപ്പെട്ടിട്ടുള്ളതാണ് ഇക്കാര്യം. ഇടുക്കി പദ്ധതിയുടെ നിർമ്മാണത്തോടനുബന്ധിച്ച് പണിയാർ പ്രദേശത്തുനിന്നും കുടിയിറക്കപ്പെട്ടവരെ വനഭൂമി നൽകി പുനരധിവസിപ്പിച്ച പ്രദേശമാണ് പേഴുംപാറ പത്താം ബ്ലോക്ക് അതുപോലെ ഭൂരഹിതർക്ക് ഒരേക്കർവീതം നൽകി ജനവാസമായ പ്രദേശമാണ് തെക്കുമല.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമായി 3 ½ ഏക്കർ വീതം വനഭൂമി റബർ കൃഷിക്ക് വേണ്ടി പതിച്ച് നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1961-ൽ ഗവൺമെന്റ് 101പേർക്കായി ഭൂമി നൽകിയിട്ടുണ്ട്. പേഴുംപാറ 17ഏക്കർ മണിയാർ പ്ലാന്റേഷൻ, മുക്കുഴി, കോടമല, R.P.S ഇവ ഈ പദ്ധതിയിൽഉൾപ്പെട്ട സ്ഥലങ്ങളാണ്. 1955 മുതൽ 1970 വരെയുളള കാലഘട്ടത്തിൽ കുമ്പളാംപൊയ്ക ഇടക്കുളം, വടശ്ശേരിക്കര ഹൈസ്ക്കൂളുകൾ ബാസ്ക്കറ്റ് ബോൾകളിക്ക് പ്രസിദ്ധി നേടിയിരുന്നു. പ്രസ്തുത വിദ്യാലയങ്ങളുലെ പല വിദ്യാർത്ഥികളും സംസ്ഥാന ടീമിനും ഉപരിപഠനത്തിന്പോയ നിരവധി വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി ടീമിലും ഉൾപ്പെട്ടിരുന്നു.

സി. എം. എസ്. ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരുന്ന മാത്യുഡിക്രൂസ് പ്രസിഡന്റിന്റെ നാഷണൽ അവാർഡിന് അർഹനായിട്ടുണ്ട്. കുമ്പളാം പൊയ്ക Y.M.C.A അഖില കേരളാടിസ്ഥാനത്തിൽ ബാസ്ക്കറ്റ് ബോൾമത്സരം സംഘടിപ്പിച്ചിട്ടുണ്ട്. 1992, 93 വർഷങ്ങളിൽ വടശ്ശേരിക്കര ഹൈസ്ക്കൂൾ സ്റ്റേഡിയത്തിൽ സംസ്ഥാന ജൂനിയർ ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ നടത്തുകയുണ്ടായി. ഒന്നിലധികം തവണ "ഭാരതശ്രീ"യായി തെരഞ്ഞെടുക്കപ്പെട്ട വിംഗ് കമാൻഡർ തകിടിയിൽ T. J മത്തായി 5-ാം വാർഡിൽ ഇടത്തറ സ്വദേശിയാണ്. 1971-ൽ ആരംഭിച്ച ഒരു പ്രൈമറി ഹെൽത്തു സെന്ററും ഒരു ആയുർവ്വേദാശുപത്രിയും ഈ പഞ്ചായത്തിലുണ്ട്. ജനങ്ങളിൽനിന്നും ലഭിച്ച സംഭാവനയും പഞ്ചായത്തുഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൽ ബ്രദർ മുക്കിന് സമീപം പ്രൈമറി ഹെൽത്ത് സെന്ററും, പള്ളിക്കമുളപ്പിൽ പഞ്ചായത്ത്വക സാംസ്ക്കാരി നിലയത്തിൽ ആയുർവ്വേദാശുപത്രിയും പ്രവർത്തിച്ച് വരുന്നു ആധുനിക സൗകര്യങ്ങളുള്ള ചികിത്സാകേന്ദ്രത്തിന്റെ അഭാവം വിസ്മരിക്കാൻ പാടില്ലാത്തതാണ്.

മൂന്ന് ദശകങ്ങൾക്ക് മുൻപ് വൈദ്യുതി എത്തിയ നാടാണിതു. വിശാലമായ പ്രവർത്തന മേഖലയുള്ള K.S.E.B മേജർ സെക്ഷനാഫീസ് ടൗണിനു സമീപം പ്രവർത്തിച്ച് വരുന്നു. എങ്കിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ധാരാളം പ്രദേശങ്ങളുണ്ട്. വടശ്ശേരിക്കര കേന്ദ്രമാക്കി ഒരു ടെലഫോൺ എക്സേഞ്ച് പ്രവർത്തിച്ചു വരുന്നു. ടെലഫോൺ എക്സേഞ്ച് സ്വന്തം കെട്ടിടത്തിൽസ്ഥാപിച്ച് ഇപ്പോൾ പ്രവർത്തിക്കുന്ന Junior Telecom Office ഒരു Sub Division Office ആയി ഉയർത്തുന്നത് കിഴക്കൻ മേഖലക്കു മുഴുവൻ പ്രയോജനപ്രദമാണ്.

വടശ്ശേരിക്കര പഞ്ചായത്തിലെ പ്രധാന വിപണന കേന്ദ്രം ടൗണിനോടനുബന്ധിച്ചുള്ള പബ്ലിക്ക് മാർക്കറ്റാണ് സ്വകാര്യ മേഖലയിൽ ഒരു കന്നുകാലിച്ചന്ത കുമ്പളാം പൊയ്കയിലുണ്ട്. മലയാളംമാസം 3-ാം തീയതിയാണ് ചന്ത ദിവസം. "കുംഭി ഉലാത്തും പൊയ്ക" രൂപാന്തരം പ്രാപിച്ചതാണത്രേ കുമ്പളാം പൊയ്ക എന്ന സ്ഥലനാമം.

1953-ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വരുന്നതിന് മുൻപ് വില്ലേജ് യൂണിയൻ പ്രവർത്തിച്ചിരുന്നു. ഏഴ് അംഗങ്ങളുള്ള ഭരണസമിതിയിൽ ശ്രീ. വലിയ തുരുത്തിയിൽ രാമപണിക്കർ, ശ്രീ. താഴത്തില്ലത്തു പള്ളിക്കൽ തോമസ് ഏബ്രഹാം എന്നിവർ പ്രസിഡന്റു പദം വഹിച്ചിട്ടുണ്ട്. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി 1953-ൽ നിലവിൽ വന്നു. താഴത്തില്ലത്തു പള്ളിക്കൽ ശ്രീ. ഏബ്രഹാം തോമസ് പ്രസിഡന്റായിരുന്നു.

തുടർന്നുണ്ടായ പഞ്ചായത്ത് സമിതികളിൽ താഴത്തില്ലത്തു കോളാശ്ശേരിൽ ശ്രീ. റ്റി.റ്റി. തോമസ് ചിറയത്ത്, അഡ്വേക്കറ്റ് സി. പി. ഏബ്രഹാം, പാലക്കുഴിയിൽ ശ്രീ. പി. കെ. പ്രഭാകരൻ, പൊനോലിക്കൽ ശ്രീ. പി. ജെ. തോമസ്, അരയ്ക്കനാലിൽ ശ്രീ. എ. വി. ആനന്ദൻ എന്നിവർ പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്നു. മുൻ പ്രസിഡന്റ് താഴത്തില്ലത്ത് കോളാശ്ശേരിൽ ശ്രീ. റ്റി. റ്റി. തോമസ് സംഭാവന ചെയ്ത സ്ഥലത്താണ് ഇപ്പോൾ പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നത്.

# 4.

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

പശ്ചിമഘട്ടം എന്ന നീണ്ട പർവ്വതനിരയുടെ തെക്കുഭാഗമാണ് സഹ്യാദ്രി. സഹ്യാദ്രി മേഖലകളിലെ ശബരി മലയിൽനിന്നും ഉത്ഭവിക്കുന്ന പുണ്യനദിയായ പമ്പയും സഹ്യാദ്രിയിലെ മറ്റു മലകളിൽനിന്നും ഉത്ഭവിക്കുന്ന കക്കാട്ടാറും, കല്ലാറും പത്തനംതിട്ട ജില്ലയിലെ വിവിധ പഞ്ചായത്തുകളുടെ വനപ്രദേശങ്ങളിൽ കൂടി സഞ്ചരിച്ച് വടശ്ശേരിക്കര ഗ്രാമപഞ്ചായത്തി ൽ കൂടികടന്ന് പോകുന്നു. ഇവയിൽ പമ്പാനദിയും, കക്കാട്ടാറും സമീപ പഞ്ചായത്തായ പെരുനാട്ടിലെ പൂവത്തുംമൂട്ട് എന്ന സ്ഥലത്ത് സംഗമിച്ച് പടിഞ്ഞാറോട്ടൊഴുകി വടശ്ശേരിക്കര പഞ്ചായത്തിന്റെ ഹൃദയഭാഗമായ ബംഗ്ലാംകടവ് അല്ലെങ്കിൽ മൂന്നാറ്റുംമുക്ക് എന്ന ഭാഗത്ത് കല്ലാറുംകൂടി ഒന്നിച്ച് ചേരുന്നു. കല്ലാറിന്റെ വടക്ക്ഭാഗം കുമരംപേരൂർ വടക്കേക്കരമുറിയെന്നും തെക്കുഭാഗം കുമരംപേരൂർ തെക്കേക്കരമുറിയെന്നും പമ്പാനദിയുടെ വടക്ക് പടിഞ്ഞാറായി വടശ്ശേരിക്കരമുറിയെന്നും മൂന്നായി വിഭജിക്കുന്നു. സമീപ പഞ്ചായത്തായ മലയാലപ്പുഴ പഞ്ചായത്തിലെ ഉയർന്ന പ്രദേശത്ത് നിന്നും ഉത്ഭവിക്കുന്ന കാരയ്ക്കാട് (വലിയതോട്) പഞ്ചായത്തിന്റെ നാലും, അഞ്ചും, ഏഴും വാർഡുകൾക്ക് അതിരിട്ട് കടന്ന് പോകുന്ന പ്രധാന റോഡാണ്.

പഞ്ചായത്തിലൂടെ കടന്ന് പോകുന്ന ഈ നദികളുടെ തീര പ്രദേസത്തിന്റേ ഇരു വശങ്ങളും സാമാന്യം സമതല പ്രദേശങ്ങളും ബാക്കി ഭാഗങ്ങൾ പ്രായേണ ചെറുതും വലുതുമായ ചരിവുകളും, കുന്നുകളും മലകളുമായിട്ടുള്ളതുമാണ്. പഞ്ചായത്തിലെ അഞ്ച്, ആറ്, ഒൻപത്, പത്ത് വാർഡുകളുടെ ചില ഭാഗങ്ങൾ സർക്കാർ തേക്ക് പ്ലാന്റേഷനും, വനവുമാണ്. കുന്നുകളും, മലകളും, തോടുകളും, വനവും റബ്ബർതോട്ടങ്ങളുംകൊണ്ട് പ്രകൃതി മനോഹരമായ പ്രദേശമാണീ പഞ്ചായത്ത്.

ശബരിമല തീർഥാടകരുടെ പ്രധാന സഞ്ചാരമാർഗ്ഗമായ മണ്ണാരക്കുളഞ്ഞി പമ്പാറോഡ് പഞ്ചായത്തിൽക്കൂടി കടന്ന് പോകുന്നതും, പഞ്ചായത്തിന്റെ ടൗൺഭാഗവും പരിസരവും തീർത്ഥാടകരുടെ ഇടത്താവളമാകുന്നു.

പഞ്ചായത്തിന്റേ വടക്ക് പടിഞ്ഞാറ് ഭാഗത്തായി പമ്പാനദിയുടെ അക്കരെയുള്ള ചെറുകുളത്തി, വലിയകുളം എന്നീ വാർഡുകൾ പഞ്ചായത്തിന്റെ ആസ്ഥാനവുമായി ബംഗ്ലാംകടവ് പാലത്തിന്റെ അഭാവത്താൽ ഒറ്റപ്പെട്ടു കിടക്കുകയാണ്.

അക്ഷാംശം9-10 ഡിഗ്രി Nനും രേഖാംശം 77 ഡിഗ്രി E നും ഇടയിൽ പത്തനംതിട്ട ജില്ലയുടെ തെക്കു കിഴക്ക് ഭാഗത്താണ് വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്.

കിഴക്ക് ചിറ്റാർ പഞ്ചായത്തും, വടക്ക് പെരുനാട്, നാറാണംമൂഴി, റാന്നി പഴവങ്ങാടി പഞ്ചായത്തും തെക്ക് മലയാലപ്പുഴ പഞ്ചായത്തും, പടിഞ്ഞാറ് മൈലപ്ര റാന്നി പഞ്ചായത്തുകളുമായി 59.59 ച. കി. മീറ്ററിൽ വ്യാപിച്ച് കിടക്കുന്നു.

ഭൂപ്രകൃതിയനുസരിച്ച് വടശ്ശേരിക്കര പഞ്ചായത്തിന് അഞ്ച് മേഖലകളായി തരം തിരിക്കാം.

1. ഉയർന്ന ചരിവ്, കുന്നുകൾ
2. ഇടത്തരംചരിവ്
3. ചെറുചരിവ്
4. സമതലം, താഴ്‌വര
5. ജലാശയങ്ങൾ

നിമ്നോന്നതിയെ അടിസ്ഥാനമാക്കി പഞ്ചായത്തിന് 40 മീറ്ററിനും80 മീറ്ററിനും ഇടയിൽ, 80 മീറ്ററിന് മുകളിൽ മുകളിൽ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. കുന്നിൻ

പ്രദേശങ്ങൾ തെക്കും മല കോടാമല ഇരുപത്തൊൻപത്, കണ്ണമ്പാറ, പേഴുംമ്പാറ, കടമാൻ കുന്ന്, പുലിപ്പാറ, നെയ്ത്തടം, ഫോട്ടറിക്കോളനി, കൊടുമുടി, കൊമ്പത്തേലി പത്തേക്കർ എന്നിവ 40 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങളാണ്.

പഞ്ചായത്തിലെ ബാക്കി ഭൂവിഭാഗങ്ങളിൽ ഇടത്തരം ചരിവായും, ചെറുചരിവായും കിടക്കുന്നതുമാകുന്നു. കുറേ ഭാഗങ്ങൾ സമതലവും നദീതീര പ്രദേശങ്ങളുമാകുന്നു. ചുരുക്കത്തിൽ മലനാട്എന്ന പട്ടികയിൽ വരുന്ന ഭൂപ്രദേശമാണ് വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത്.

വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിന്റെ ഭൂരിഭാഗവും ഉദ്ദേശം 75% ഭാഗവും കൃഷിക്കും ദേഹദണ്ഡങ്ങൾക്കും പറ്റിയ മണ്ണാണ് അല്ലെങ്കിൽ ലാറ്ററൈറ്റ് മണ്ണാണ്.5% കരിങ്കൽ പാറകളുമാണ്. 20% നദിയും നദീതീര എക്കൽ മണ്ണുമാണ്.

## ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 21974 ആയിരുന്നു. ഇതിൽ 10848 പുരുഷന്മാർ 11126 സ്ത്രീകളുമാണ്. ആറ് വയസ്സിന് താഴെ 1314 ആൺകുട്ടികളും 1287 പെൺകുട്ടികളുമായിരുന്നു. ജനസംഖ്യയിൽ 1233 പട്ടികജാതി പുരുഷന്മാരും 1250 സ്ത്രീകളും 45 പട്ടികവർഗ്ഗ പുരുഷന്മാരും 29 പട്ടികവർഗ്ഗ സ്ത്രീകളുമായിരുന്നു. ആകെ ജനങ്ങളിൽ 95% ആളുകളും സാക്ഷരരാണ്. 1990 ലെ സാക്ഷരതാ പ്രവർത്തനത്തിനു വേണ്ടി നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തിയ ഭൂരിഭാഗം നിരക്ഷരരേയും സാക്ഷരരാക്കുവാൻ കഴിഞ്ഞു. ഇപ്പോൾ പഞ്ചായത്തിൽ 25000ൽ കുറയാതെ ജനസംഖ്യ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

വിദ്യാഭ്യാസരംഗത്ത് പത്തനംതിട്ടജില്ലയിൽ മുന്നോക്കം നില്ക്കുന്ന പഞ്ചായത്തുകളിലൊന്നാണ് വടശ്ശേരിക്കര വിദ്യാഭ്യാസം തേടുന്നവർ പൂർണ്ണമാണെങ്കിലും ഇടയ്ക്ക് വിദ്യാഭ്യാസം നിർത്തുന്നവർ ധാരാളമുണ്ട്. വിദ്യാഭ്യാസത്തിന് കൂടുതൽ സൗകര്യമുണ്ടെങ്കിലും പഠന നിലവാരം പിന്നോക്കമാണ്. ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കുന്നതിന് പാഠ്യപദ്ധതിയിലും രീതിയിലും മാറ്റം അത്യാവശ്യമാണ്.

### വാർഡുതല സമ്മതിദായകർ

| വാർഡ് | പുരു. | സ്ത്രീ | ആകെ |
|---|---|---|---|
| 1. | 848 | 789 | 1637 |
| 2. | 894 | 934 | 1828 |
| 3. | 600 | 682 | 1282 |
| 4. | 693 | 769 | 1462 |
| 5. | 762 | 803 | 1565 |
| 6. | 950 | 902 | 1852 |
| 7. | 675 | 724 | 1436 |
| 8. | 697 | 739 | 1436 |
| 9. | 617 | 662 | 1274 |
| 10. | 1055 | 1049 | 2104 |

പഞ്ചായത്തിലെ ജനസാന്ദ്രത ച. കി. മീറ്ററിന് 369 ജനസംഖ്യയിൽ അഭ്യസ്തവിദ്യരായവരുടെ തൊഴിലില്ലിയാമ പ്രധാന പ്രശ്നമാണ്. ജനങ്ങളിൽ ഭൂരിഭാഗവകും കൃഷിയെ തൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ്. ന്യൂനപക്ഷം സർക്കാർ തലത്തിലും സ്വകാര്യമേഖലയിലും, ജോലി ചെയ്യുന്നു. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ചെറിയ ഒരു വിഭാഗം സംസ്ഥാനത്തിന് പുറത്തും, വിദേശത്തു് ജോലി ചെയ്യുന്നു. വിദേശനാണ്യം നേടുന്നതിൽ ഇവർ സഹായിക്കുന്നുണ്ടെങ്കിലും ഫലപ്രദമായി ഉത്പാദന രംഗത്ത് കൂടുതൽ തുക വിനയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങ ൾ കണ്ടെത്തിയില്ല. കൂടുതൽതുകയും, കെട്ടിടനിർമ്മാണത്തിനും, നിക്ഷേപമായും മാറ്റുകയാണ്.

കൂടുതൽ ആളുകളും കൃഷിയും, കന്നുകാലി വളർത്തലും, ചെറുകിടക്കച്ചവടങ്ങളുമായി ഉപജീവനം കഴിക്കുന്നു. പഞ്ചായത്തിൽ യാതൊരുവിധ വ്യവസായശാലകളും കാര്യമായരീതിയിൽ ഇല്ല. റബ്ബർ അധിഷ്ഠിതമായ ഫാക്ടറി സഹകരണ അടിസ്ഥാനത്തിൽ തുടങ്ങുന്നതിന് നല്ല സാധ്യതയുണ്ട്. കൂടാതെ റബ്ബർതടിയും, മറ്റ് തടികളും ഉപയോഗിച്ച് പ്ലൈവുഡ് ഫാക്ടറി തുടങ്ങുന്നതിനും പഞ്ചായത്തിൽ വളരെയേറെ സാധ്യതയുണ്ട്.

ഭക്ഷ്യവിളകൾ ആദായകരമല്ലാത്ത സാഹചര്യത്തിൽ ഭക്ഷ്യഉല്പാദനം ക്രമാനുഗതമായി കുറയുകയും, നാണ്യ വിളകളിലേക്ക് ആളുകൾ മാറുകയും ചെയ്യുന്ന സാഹ ചര്യമാണ്. കർഷകത്തൊഴിലാളികളെ ആവശ്യാനുസരണം കിട്ടാൻ സാധിക്കാത്ത അവസ്ഥയുണ്ട്.കൂടുതൽ ആളുക ളും ടാപ്പിംഗ്കെട്ടി നിർമ്മാണജോലി എന്നിവയിൽ ശ്ര ദ്ധിക്കുന്ന സാഹചര്യമാണ്.പരമ്പരാഗതമായി കൃഷിത്തൊ ഴിലും കൈത്തൊഴിലുമാണ്പ്രധാനം. അഭ്യസ്ഥരിൽ തൊഴി ലില്ലായ്മ അനുഭവിക്കുന്നത്കൂടുതലും സ്ത്രീകളാണ്. വിദ്യാ ഭ്യാസവും, ശേഷിയുമുള്ള സ്ത്രീകളിൽ 4ൽ ഒരു ഭാഗത്തിന് യാതൊരു തൊഴിലുമില്ല. സ്ത്രീകളുടെ പ്രത്യേക സഹകരണ സംഘങ്ങൾഉണ്ടാക്കി വിവിധ തരത്തിലുള്ള തൊഴിലുണ്ടാ ക്കുവന്നതിന് സാഹചര്യമുണ്ട്.

ഒരുകാലത്ത് ജാതിപരമായ ഉച്ചനീചത്വങ്ങൾ നിന്നി രുന്നുവെങ്കിലും വിദ്യാഭ്യാസവും സാംസ്ക്കാരികവും ഉണ്ടാ യതോടുകൂടി മതനിരപേക്ഷ സംസ്ക്കാരത്തിന്റെ വളർ ച്ചയ്ക്കെ സഹായകമായി മതസഹിഷ്ണതയിൽ ജനങ്ങൾ പരസ്പരം സഹകരിച്ച് പോരുന്നു. ജനങ്ങളിൽ പകുതിയി ൽ കുറയാതെ ഹിന്ദുക്കളും ബാക്കി ഭൂരിഭാഗം ക്രിസ്ത്യാനി കളും, ചെറിയരംശം മുസ്ലീങ്ങളുമാണ്.

ജനങ്ങളിൽ നല്ലൊരു വിഭാഗം ഉദ്യോഗത്തിൽ നിന്നും കൃഷിയിൽനിന്നും, കച്ചവടത്തിൽനിന്നും സ്ഥിരവരുമാനമു ള്ളവരാണ്. ചെറിയൊരുഭാഗം കൈത്തൊഴിലും, ടാപ്പിംഗ്, കെട്ടിടനിർമ്മാണജോലി എന്നിവയിൽനിന്നും വരുമാനം ഉണ്ടാക്കുന്നു. വികാലാംഗരും, വിധവകളുമായി ചെറിയൊ രുസംഖ്യജോലിയോ സഹായമോ അർഹിക്കുന്നവരായുണ്ട്.

ഐ.എ.എസ്, ഐ.പി.എസ്, ഐ.ഇ.എസ് സർ വ്വീസിലുള്ളവരും വൈദീകർ, ഡോക്ടന്മാർ. അഭിഭാക്ഷ കർ, എൻജിനിയർമാർ, അധ്യാപകശ്രേഷ്ഠർ എന്നിവർ മാനേജിരിയൽ രംഗത്തുള്ളവർ കൃഷിഉദ്യോഗസ്ഥർ, വിമു ക്തഭടന്മാർ മുതലായവരാൽ സമ്പന്നമായ പഞ്ചായത്താണ് വടശ്ശേരിക്കര.

ജനസംഖ്യാ വർദ്ധനവും മരണനിരക്കും ഏറ്റവും കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ് വടശ്ശേരിക്കര. ജ നങ്ങൾ പരസ്പരം സ്നേഹിക്കുന്നവരും, അദ്ധ്വാനിക്കുന്ന വരും, വൃത്തിയുള്ളവരും,മതസഹിഷ്ണതയുള്ളവരും, രാ ഷ്ട്രീയയാധിപ്രസരമില്ലാത്തവരും ആകുന്നു. കലയിലുംസ്പോ ർട്ട്സിലും, വിദഗ്ദ്ധരും സമർത്ഥരുമായവ ധാരാളംപേർ പഞ്ചായത്തിലുണ്ട്.

കാർഷികരംഗത്ത് കൂടുതൽപുരോഗതിയുണ്ടാക്കി യും, വ്യവസായശാലകൾ തുറന്നും അഭ്യസ്ഥവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിയും പഞ്ചായ ത്തിലെ ജനങ്ങളുടെ മിച്ചം പണം പ്രത്യുല്പാദനപരമായ രംഗത്തേക്ക് തിരിച്ച് വിട്ടും പഞ്ചായത്തിന്കൂടുതൽ സമ്പ ന്നമാക്കുന്നതിലൂടെ ജനങ്ങൾക്ക് കൂടുതൽ ഐശ്വര്യമു ണ്ടാകുന്നതാണ്.

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 3225 മി.മി. മഴലഭിക്കുന്നുണ്ട് ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴലഭിക്കുന്നത് ജനുവരി. ഫെബ്രുവരി മാസങ്ങളിലാണ്. ജൂൺ, ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ കാലവർഷവും ഒക്ടോബർ, നവംബർ മാസ ങ്ങളിൽ തുലാവർഷവും അനുഭവപ്പെടുന്നു. മുൻകാലങ്ങ ളിലെപോലെ ഇപ്പോൾ കാലവർഷവും തുലാവർഷവും ലഭ്യമല്ല. മാർച്ച് ഏപ്രിൽ മാസങ്ങളിൽ വേനൽ മഴലഭിക്കാ ത്തപക്ഷം വരൾച്ച രൂക്ഷമാകുന്ന പ്രദേശങ്ങളാണ് പഞ്ചാ യത്തിൽ കൂടുതലുമുള്ളത്.

ചെറുതും വലുതുമായ ചരിവുകളും കുന്നുകളും ഉള്ള ഭൂപ്രദേശമായതുകൊണ്ടും നീർച്ചവാർച്ച കൂടുതൽ അനുഭ വപ്പെടുന്നതുകൊണ്ടും ഭൂരിഭാഗം പ്രദേശങ്ങളിലും ജല ക്ഷാമം അനുഭവപ്പെടുന്നു. അങ്ങനെയുള്ള പ്രദേശങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. തെക്കുംമലം, നെയ്ത്തടം, കണ്ണമ്പാറ, ഇടക്കുളം, ചിറയത്ത്തടം, പുലി പ്പാറ, പേഴുംമ്പാറ, കോടാമല മണിയാർ അരീയ്ക്കക്കാവ് എന്നീപ്രദേശങ്ങളിൽ കൂടുതൽ ജലക്ഷാമം അനുഭവപ്പെ ടുന്നു. നദീതീര സാമിപ്യം ഉണ്ടെങ്കിലും ചെറുകുളഞ്ഞി, വലിയകുളം വാർഡുകളിലും ജലക്ഷാമം രൂക്ഷമാണ്.

പഞ്ചായത്തിൽ കൂടി പമ്പാനദിയും, കല്ലാറും കടന്ന് പോകുന്നു. കൂടാതെ കാരയ്ക്കാട്തോടും മറ്റ് ചെറിയ തോടുകളും ഉണ്ടെങ്കിലും വേനൽക്കാലത്ത് മിക്കവാറും വറ്റിപോകുന്ന സ്ഥിതിവിശേഷമാണുള്ളത്. കല്ലാറ് പമ്പ യാറുമായി ചേർന്ന് പടിഞ്ഞാറോട്ടൊഴുകി വേമ്പനാട്ട് കായ ലിൽപതിക്കുന്നു. കാരയ്ക്കാട്ടെ തോട് കല്ലാറ്റിൽ പതിക്കു ന്നു. കൂടാതെ ഇരുട്ടകാവ് തോട്, വാവോലിക്കണ്ടം തോട്, കൊമ്പനോലി തോട് 10-ാം വാർഡിൽ കൊടിമുടി തോട്

കൊച്ചരിക്കക്കാവ് തോട്. മണിയാർ തോട് 7-ാം വാർഡിൽ തലച്ചിറ ഇടത്താതോട്. 1-ാംവാർഡിൽ ഒഴുവംമ്പാറ, മീൻ മുട്ടപ്പാറ ഐത്തലമൂലി തോടുകളുണ്ട്. 2-ാം വാർഡിൽ വലിയകുളം-വാളൂർതോട്. 5-ാം വാർഡിലെ നെയ്ത്തടത്തി ലും, 2-ാം വാർഡിൽ അരക്കനാക്കുഴി 1-ാംവാർഡിൽ കുളത്തുങ്കൽപടി കുളങ്ങളും 6-ാംവാർഡിൽ ചുരയ്ക്കാ വാളിയിൽ സ്ഥിരമായ ജലസ്രോതസ്സ് (ഓലി) ഉണ്ട്.

നദികളും പ്രധാന തോടുകളും കൂടി ആകെ44 കി. മി. നീളംവരും. എടുത്ത് പറയത്തക്ക രീതിയിൽ കുളങ്ങൾ ഒന്നുംതന്നെയില്ല.

പ്രധാന ജലസ്രോതസ്സുകൾ താഴെ കൊടുക്കുന്നു.

| പേര് | വാർഡുകൾ | നീളം |
|---|---|---|
| 1.പമ്പാനദി | 1,2,3,8 | 3.44 കി.മി. |
| 2.കല്ലാറ് | 5,6 | 4. കി.മി. |
| 3.കാരയ്ക്കാട് തോട് | 4,5,7 | 3 കി. മി. |

ഏകദേശം 10 ച. കി. മി. പ്രദേശത്ത് സാധാരണയായി ശുദ്ധജലം സാധാരണയായി സുലഭമായി ലഭിക്കുന്നു. കാലികമായി വളരെ മോശമായി മാർച്ച് ഏപ്രിൽ, മെയ്യ് മാസങ്ങളിൽ ജലം ലഭിക്കുന്ന പ്രദേശങ്ങൾ വളരെ കുറവാണ്. 30 ച. കി. മി. പ്രദേശം തീരെ മോശമല്ലാത്ത രീതിയിൽ ജലം ലഭിക്കുന്ന പ്രദേശങ്ങളാണ്. 19. 59. ച. കി. മി. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കുന്നിൻ പ്രദേശങ്ങളും ചരിവുകളും, കൂടുതലുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ ജലക്ഷാമവും രൂക്ഷമാണ്.

പമ്പാ ജലസേചന പദ്ധതിയുടെ ഡാം വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ 10-ാം വാർഡിലാണ്. ഡാമിൽ നിന്നുള്ള കനാൽ പഞ്ചായത്തിൽ കൂടി കടന്ന് പോകുന്നെങ്കിലും പഞ്ചായത്തിലെ കൃഷിക്ക് ഉപയുക്തമാല്ല എന്നത് മാത്രമല്ല കമാലിന്റെ ചോർച്ചകൊണ്ട് കൃഷിയിടങ്ങൾ ചതുപ്പ്നിലങ്ങളായി മാറിയിട്ടുള്ളതുമാകുന്നു. മണിയാർഭാഗം ഒരു വിനോദ കേന്ദ്രമാക്കാവുന്നതാണ്.

ഭൂമിയിൽ മഴവെള്ളം ഊർന്നിറങ്ങുന്നതിനുള്ള സൗകര്യം കൃഷിയിടങ്ങളിൽ ചെയ്തും, കുഴകൾ, കുഴിച്ചും, വൃക്ഷങ്ങൾ തട്ടുപിടിച്ചും, മേൽകയ്യാല കെട്ടിയും, കൃഷിഭൂമിയിൽ വാരങ്ങൾ വെട്ടിയും മഴവെള്ളം പാഴാകുന്നത് തടഞ്ഞും കാരയ്ക്കാട് തോടിൽ തടയണകൾ കെട്ടിയും ശുദ്ധജലം പാഴാകാതെ ഉപയോഗപ്പെടുത്താവുന്നതാണ്. നിലവിലുള്ള ജലസേചന പദ്ധതിയിൽനിന്നും 5% പോലും ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയുന്നില്ല. വൻ ശുദ്ധജന പദ്ധതി പഞ്ചായത്തിൽ അടിയന്തരമായി നടപ്പാക്കി ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി ഉണ്ടാകണം.

5-1

# കൃഷിയും ജലസേചനവും

**വടശ്ശേരിക്കര** ഗ്രാമപഞ്ചായത്ത് മലമ്പ്രദേശങ്ങൾ നിറഞ്ഞ ഒരു കാർഷിക ഗ്രാമമാണ്. മുഖ്യകൃഷി റബ്ബറാണ്. മറ്റു നാണ്യവിളകളിൽ പ്രധാനം തെങ്ങാണെങ്കിലും കുരുമുളക്, വാഴ, ഇഞ്ചി, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ മുതലായവ ഇടവിളയായി കൃഷിചെയ്യാറുണ്ട്. കമുക് നാമമാത്രമായ കൃഷിയാണ്. പമ്പയും, കല്ലാറും, കക്കാട്ടാറും ഗ്രാമത്തേയും ഗ്രാമവാസികളേയും ഒരുപോലെ അനുഗ്രഹിച്ചു കൊണ്ടൊഴുകുന്നത് ഭാഗ്യോദായകമാണ്. ജനങ്ങളുടെ പ്രധാനതൊഴിലും വരുമാനവും കൃഷിയിൽനിന്നാണ്. ഭൂഉടമകളിൽ ഏകദേശം 75%വും ഒരു ഹെക്ടറിൽ താഴെ ഭൂമിയുടെ ജന്മികളായതിനാലും, ശാസ്ത്രീയകൃഷി സമ്പ്രദായങ്ങളുടെ മേന്മയെ സംബന്ധിച്ച് അറിവില്ലാത്തതിനാലും ശാസ്ത്രീയ കൃഷി സമ്പ്രദായം നടപ്പിലാക്കുവാൻ പ്രയാസമാണ്. തന്മൂലം ലാഭകരമായി കൃഷി നടത്തിക്കൊണ്ടുപോകുവാൻ കഴിയുന്നില്ല. ഈ പഞ്ചായ ത്തിലെ ഭൂഉടമസ്ഥത സംബന്ധിച്ചവിവരങ്ങൾ പട്ടിക1 ൽ ചേർക്കുന്നു.

മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണം 4892 ഹെക്ടറാണ്. പഴയകാലത്ത് വാഴ, മരച്ചീനി, നെല്ല്, കുരുമുളക്, ഇഞ്ചി, തെങ്ങ് മുതലായ സമ്മിശ്ര കൃഷിസമ്പ്രദായമാണ് ഇവിടെ നിലവിലുണ്ടായിരുന്നത്. മണ്ണൊലിപ്പുമൂലം മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നതിനാലും, അശാസ്ത്രീയ കൃഷി സമ്പ്രദായത്താലും, കാട്ടുമൃഗങ്ങളുടെ ശല്യത്താലും, ഉല്പാദന ച്ചെലവിന്റെ വർദ്ധനയാലും, വേണ്ടത്ര തൊഴിലാളികൾ കാർഷികമേഖലയിൽ ലഭ്യമല്ലാത്തതിനാലും ഇത്തരം കൃഷികൾ ലാഭമല്ലാതായിത്തീരുകയും കൃഷിക്കാർ ഭക്ഷ്യവിളകളെ ഉപേക്ഷിച്ച് റബ്ബർ കൃഷിയെ ആശ്രയിക്കുകയുമാണുണ്ടായത്. വൻകിട ഭൂഉടമകൾ റബ്ബർ കൃഷി ആരംഭിച്ചതോടെ സാധാരണ കർഷകരും പരമ്പരാഗതമായ കൃഷിയെ ഉപേക്ഷിച്ച് റബ്ബർ കൃഷി ചെയ്യുവാൻ നിർബ്ബന്ധിതരായി ത്തീരുകയും ചെയ്തു. അങ്ങനെ ആകെ കൃഷി ഭൂമിയുടെ 84.01% റബ്ബർകൃഷി ചെയ്തുവരുന്നു.

പട്ടിക 1

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | 0.2 ഹെക്ടറിനുതാഴെ | 947 | 142.05 |
| 2 | 0.2 ഹെ-04 ഹെ | 1002 | 10354.06 |
| 3 | 0.4 ഹെ-1.0 ഹെ | 1087 | 869.60 |
| 4 | 1ഹെ-2 ഹെ | 605 | 968.28 |
| 5 | 2ഹെ-3ഹെ | 303 | 962.40 |
| 6 | 3ഹെ-5ഹെ | 167 | 668.00 |
| 7 | 5ഹെ. മുകളിൽ | 78 | 1227.61 |

ഭൂവിസ്തൃതി സംബന്ധിച്ച വിവരങ്ങൾ പട്ടിക 2 ൽ വ്യക്തമാക്കിയിരിക്കുന്നു.

പട്ടിക. 2

| ക്രമ നമ്പർ | ഇനവിവരം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1. | ആകെ ഭൂവിസ്തൃതി | 5502.59 |
| 2. | കാർഷികേതരഭൂമി | 233.8 |
| 3 | തരിശ് | 48.00 |
| 4. | വനം | 110.80 |
| 5. | കര | 5106.99 |
| 6. | പാടം | 33.00 |

ആളോഹരി കൃഷിഭൂമി : 0.23 ഹെക്ടർ

പഞ്ചായത്തിലെ സമ്മിശ്ര കാർഷിക വിളകൾക്കായുള്ള ഭൂവിനിയോഗം പട്ടിക 3- ൽ കൊടുത്തിരിക്കുന്നു. ഗ്രാമീണരുടെ മുഖ്യഇനമായ നെല്ല്, പച്ചക്കറി, പയറുവർഗ്ഗങ്ങൾക്ക് കാഷിക പ്രാധാന്യം നൽകിയിട്ടില്ല. അത് ഗ്രാമത്തിന്റെ ഭക്ഷ്യസ്വയം പര്യാപ്തതയ്ക്ക് വിലങ്ങുതടിയായിട്ടുണ്ട്. കൊക്കോ, കാപ്പി, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയും കോലിഞ്ചി, ചിറ്ററത്ത എന്നിവയും കൃഷി ചെയ്യുന്നുണ്ടെങ്കിലും വിപണന സൗകര്യമില്ലാത്തതിനാൽ വൻപരാജയമാണ്.

പട്ടിക3
ഭൂവിനിയോഗം

| കാർഷിക വിള | ഭൂവിനിയോഗം (ഹെക്ടറിൽ) |
|---|---|
| നെല്ല് | 3 |
| മരച്ചീനി | 60 |
| വാഴ | 155 |
| പച്ചക്കറി | 6 |
| ഇഞ്ചി | 30 |
| പയർവർഗ്ഗങ്ങൾ | 5 |
| റബ്ബർ | 4327 |
| കുരുമുളക് | 85 |
| വെറ്റില | 2 |
| തെങ്ങ് | 180 |
| മറ്റിനം | 219.99 |
| ആകെ | 5109.99 |

## മണ്ണ്-ലാറ്ററേറ്റ് സോയിൽ

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ചരൽ മണ്ണാണ് കാണുന്നത്. ഇതിലെ അമ്ലസ്വഭാവം (PH) ക്രമമായിട്ടാണ്. പൊതുവേ ജൈവാംശമുള്ളതിനാൽ മിക്കവിളകളും കൃഷിചെയ്യാൻ കഴിയുന്നു.

പട്ടിക 4

| മണ്ണ് | ജൈവാംശം | ഭാവകം | ക്ഷാരഗുണം |
|---|---|---|---|
| ലാറ്ററേറ്റ് | ക്രമം | 250 Kg/L | 420 |

ക്രമാതീതമായ രാസവളപ്രയോഗം കാരണം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചുവരുന്നതായിട്ടുകാണാം.

## വളം

ഈ പഞ്ചായത്തു പ്രദേശത്ത് കൃഷിക്ക് 75% ത്തിലധികവും രാസവളങ്ങളാണ് ഉപയോഗിക്കാറുള്ളത്.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായരീതിയിലല്ല കൃഷിയും വളപ്രയോഗവും. ഇത്തരം അശാസ്ത്രീയ കൃഷിസമ്പ്രദായം പാഴ്ച്ചിലവും കുറഞ്ഞ ആദായവും ലഭ്യക്കുന്നു. കൃഷിഭവൻ നിലിവിൽ വന്നതിനുശേഷം ലഭ്യമായ രാസവള വിനിയോഗം പട്ടിക 5-ൽ ചേർക്കുന്നു.

പട്ടിക 5

| വളത്തിന്റെ ഉപയോഗം | | | |
|---|---|---|---|
| വർഷം | നൈട്രജൻ | ഫോസ്ഫേററ് | പൊട്ടാഷ് |
| 1992 93 | 47.7459 | 46.3551 | 34.8151 |
| 1993 94 | 28.3974 | 30.9344 | 20.4458 |
| 1994-95 | 60.7748 | 53.5641 | 43.4827 |
| 1995-96 | 100.5966 | 86.9849 | 75.9351 |

## കീടനാശിനികൾ

ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറികൾ,വാഴ എന്നിവയാണ് പ്രധാനമായും കീടങ്ങളുടെ ഉപദ്രവത്തിനു വിധേയമാകുന്നത്. എന്നാൽ നിരുപദ്രവമെന്ന തോന്നലോടെ ആരോഗ്യസംബന്ധമായ മുൻകരുതലെടുക്കാതെയും അശാസ്ത്രീയമായും അശ്രദ്ധയോടുമാണ് ഇവകൈകാര്യം ചെയ്യുന്നത്. പരസ്യങ്ങളിൽ കുടുങ്ങി അല്പംലാഭത്തേമുൻനിർത്തി കുറഞ്ഞ നിലവാരത്തിലുള്ള കീടനാശിനികൾ വാങ്ങി ഉപയോഗിച്ച് ഗ്രാമീണർ സ്വയം അപകടം തങ്ങൾക്കും നാട്ടുകാർക്കും ക്ഷണിച്ചുവരുത്തുന്നുന്നത് അജ്ഞത ഒന്നു കൊണ്ടു മാത്രാമാണ്. പാരമ്പര്യേതര കാർഷിക ഉപകരണങ്ങളോ കൃഷിരീതികളോ നടപ്പിലാക്കിയട്ടില്ലാത്തതിനാൽ കൃഷി ഒരു തരത്തിലും ലാഭകരമല്ല. കൃഷിഭവന്റെ നേതൃത്തിൽ കാഷിക വികസന സമിതിയും കേരസമിതിയും, പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമായിട്ടല്ല നടക്കുന്നത്.

## കർഷകതൊഴിലാളി

വിദ്യാഭ്യാസ മേഖലയിൽ മികച്ച കൃഷിരീതി സബന്ധിച്ച പഠന വിവരങ്ങൾ ലഭ്യമല്ലാത്തതും ഉയർന്ന വിദ്യാഭ്യാസ നിലവാരവും പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള താത്പര്യക്കുറവും കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറച്ചിട്ടുണ്ട്. പുരുഷ തൊഴിലാളിക്ക് 90രൂപയും സ്ത്രീതൊഴിലാളിക്ക് 65 രൂപയുമാണ് നിലവിലുള്ള കൂലി നിരക്ക്. തൊഴിലാളി ക്ഷേമനിധിയിൽ 25% ത്തിൽ താഴെ ആളുകളെ അംഗമായിട്ടുള്ളു.

## കാർഷികവായ്പ

മൂന്നു സഹകരണ സ്ഥാപനങ്ങളും, മൂന്നുബാങ്കുകളും പഞ്ചായത്തിന്റെ പരിധിയിൽ വരുന്നുണ്ട്. കൂടാതെ ഒന്നാം വാർഡിൽ സെട്രൽ ബാങ്ക് ഓഫ് ഇൻഡ്യയുടെ റാന്നി ബ്രാഞ്ചും S.B.T തൊട്ടമൺബ്രാഞ്ചും മറ്റുള്ളവയോടൊപ്പം കാർഷിക വായ്പ അനുവദിക്കുന്നുണ്ട്.

## കൃഷിഭവൻ

1987 നംവബർ1നാണ് ഈ പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽവന്നത്. അതിനുമുമ്പ് പ്രവർത്തിച്ചിരുന്ന കൃഷിവികസന ആഫീസിന്റെ പ്രവർത്തനത്തേക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടെങ്കിലും പഞ്ചായത്തിലെ പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ കൃഷിഭവന്റെ പ്രയോജനം ലഭ്യമായിട്ടുള്ളു. കൃഷിഭവന്റെ നേതൃത്തിൽ നടത്താറുള്ള കാർഷിക സെമിനാറുകളിലും മറ്റും വേണ്ടത്ര കർഷക പങ്കാളിത്തം ഉണ്ടാകാറില്ല.

## ജലസേചനം

മഴയെമാത്രം ആശ്രയിച്ച് കൃഷിനടത്തുന്ന പഞ്ചായത്ത് പ്രദേശമാണ് നമ്മുടേത്. ജലസേചനത്തിനുപറ്റിയ തോടുകൾ, കുളങ്ങൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്. വേനൽകാലങ്ങളിൽ വറ്റിപ്പോകുന്ന തോടുകളും കുളങ്ങളുമാണ് നമുക്കുള്ളത്. ഇരുട്ടുകാവ്തോട്, കാരക്കാട്തോട്, വാവോലിക്കണ്ടംതോട്, മീൻ മുട്ടു പാറത്തോട്, മണിയാർത്തോട്, ഇവ സൗകര്യപ്പെടുത്തിയാൽ ജലസേചന സൗകര്യം ഒരു പരിധിവരെ ഉയർത്താം.

## മണ്ണ് ജലസംരക്ഷണം

മുൻകാലങ്ങളിൽ പറമ്പുകളിൽ കയ്യാലകെട്ടിയും മരങ്ങൾ വെച്ചു പിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണ് -ജലസം രക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഇന്നും ആ നിലതന്നെ തുടരുന്നു.

## പമ്പാ ജലസേചനപദ്ധതികൾ

P.I.P കനാൽ നമുടെ പ്രദേശത്തുകൂടിയാണ് കടന്നുപോവുന്നത്. കനാലിൽ നിന്നുള്ള ചോർച്ചമൂലം ഇതു കടന്നുപോവുന്ന പ്രദേശങ്ങളുടെ താഴ്വാര നിലങ്ങൾ ചതുപ്പുനിലങ്ങളുമായി മാറിക്കൊണ്ടിരിക്കുന്നു.

## നേഴ്സറികൾ

മണിയാറിൽ കൃഷിഭവന്റെ അംഗീകാരത്തോടെ നടത്തുന്ന നേഴ്സറിയിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, എന്നിവ ലഭ്യമാകുന്നുവെങ്കിലും സ്വകാര്യവ്യക്തികൾ നടത്തുന്ന നേഴ്സറികളിൽ മേൽത്തരം തൈകൾ ലഭിക്കുന്നില്ല.

## പ്രശ്നങ്ങൾ

- ഭക്ഷ്യവിളകളുടെ ഉല്പാദനം വളരെ കുറവാണ്.
- മണ്ണു പരിശോധനയും ശാസ്ത്രീയ വളപ്രയോഗവും നടക്കുന്നില്ല.
- ഒരു വിഭാഗം കർഷകർക്കു മാത്രം സബ്സീഡിയുടെ പ്രയോജനം ലഭ്യമാകുന്നു.
- സാധാരണ ഭൂഉടമകൾക്കു വളം, ജലസേചനം ഇവകൾക്കായുള്ള സർക്കാർ ധനസഹായം ലഭിക്കുന്നില്ല.
- ഭൂരിപക്ഷം കർഷകരും ശാസ്ത്രിയ കൃഷിരീതി അറിയാത്തവരാണ്.

- മേൽത്തരം വിത്തുകളും, നടീൽ വസ്തുക്കളും ലഭിക്കുന്നില്ല.
- കാട്ടുമൃഗങ്ങൾ കാർഷികവിളകൾ നശിപ്പിക്കുന്നു.
- വെള്ളപ്പൊക്കവും, മണ്ണിടിച്ചിലും വൻതോതിലുണ്ടാകുന്നു

## പിരിഹാരങ്ങൾ/നിർദ്ദേശങ്ങൾ

- അത്യുത്പാദനശേഷിയുള്ള വിത്തുകളും തൈകളും മറ്റും നടീൽവസ്തുക്കളും ലഭ്യമാകത്തക്കവണ്ണം. നേഴ്സറികൾ സ്ഥാപിക്കുകയും വീപുലീകരിക്കുകയും ചെയ്യുക.
- ഒരു സെന്റുകൃഷി ഭൂമിയുള്ള കർഷകർക്ക് വെള്ളവും വളവും വിത്തുകളും അനുപാതികമായി ലഭ്യമാക്കുവാൻ നടപടിയെടുക്കുക. സബ്സിഡിയുടെ പ്രയോജനം ലഭ്യമാക്കുക.
- വിത്തും വളവും മറ്റു കാർഷികവസ്തുക്കളും എല്ലാ കർഷകർക്കും ഉയർന്ന സബ്സിഡിയോടെ ലഭ്യമാക്കുക.
- ശാസ്ത്രീയ കൃഷിരീതിസംബന്ധിച്ച് അറിവുനൽകുവാൻ വാർഡുതലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക.
- കാർഷികോപകരണങ്ങൾ സബ്സിഡിയോടെ വിതരണം ചെയ്യുക.
- കാലാകാലങ്ങളിൽ മണ്ണുപരിശോധനടത്തുകയും അവയുടെ പ്രത്യേകതൾ കർഷകരെ അറിയിക്കുകയും ചെയ്യുക.
- അടുക്കളത്തോട്ടം, പുഷ്പഫലകൃഷി എന്നിവയ്ക്ക് കർഷകസമിതിയുടെ ആഭ്യമുഖത്തിൽ പ്രോൽസാഹനം നല്കുക.
- വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ,മണ്ണൊലിപ്പ് ഇവ തടയുന്നതിനാവശ്യമായ മുൻകുരുതൽ നടപടികൾ സ്വീകരിക്കുക.
- പച്ചില-കമ്പോസ്റ്റ് വളങ്ങൾളുടെ ഉപയോഗം വ്യാപകമായി പ്രചരിപ്പിക്കുക.
- കൃഷിഭവന്റെ അധികാരങ്ങളും പ്രവർത്തനളുംങ്ങ മെച്ചപ്പെടുത്തുക.
- വിള ഇൻഷ്വറൻസ് പദ്ധതി നിർബ്ബന്ധമാക്കുക.
- വനത്തോടു ചേർന്നു കിടക്കു കൃഷിഭൂമിയുടെ സംരംക്ഷണത്തിനായി അവിടെയുള്ള വനഭൂമിക്കുചുറ്റും ഉർന്നസംരക്ഷണവലയം സ്ഥാപിക്കുക.
- കർഷകന്റെ നട്ടെല്ല് ഒടിക്കുന്ന കാട്ടുപന്നിയുടെ ശല്യം ഇല്ലാതാക്കുക.

5 -2

# മൃഗസംരക്ഷണവും, മത്സ്യബന്ധനവും

20 -ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അവസാനഘട്ടത്തിൽ എത്തി നിൽക്കുന്ന നമ്മേസംബന്ധിച്ചിടത്തോളം ഏറ്റവും പരമപ്രധാനമായ ഒന്നാണ് വളർത്തു മൃഗങ്ങൾ വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട വളർത്തു മൃഗങ്ങൾ പശു, ആട്, എന്നിവയാണ്. എരുമ, പന്നി, എന്നീ മൃഗങ്ങളെ നാമമാത്രമായി വളർത്തുന്നു. ഉദ്ദേശം 35 വർഷങ്ങൾക്കുമുമ്പ് വിസ്തൃമായി വനപ്രദേശത്തിൽ ആടുമാടുകളെ അഴിച്ചുവിട്ട് വളർത്തുന്ന രീതി നിലവിലുണ്ടായിരുന്നു. പഞ്ചായത്തിലെ5, 6, 7, 9, 10 വാർഡുകളിൽ ഭാഗികമായി വനപ്രദേശങ്ങളും, റബ്ബർ എസ്റ്റേറ്റുകളും ഉള്ളതിനാൽ ഈ രീതി ഇപ്പോഴും തുടർന്നുവരുന്നു. ഉത്പാദനശേഷി കുറഞ്ഞ നാടൻ പശുക്കളെ വളർത്തുന്നതുകൊണ്ടും ശാസ്ത്രീയമായരീതി അവലംബിക്കാത്തതിനാലും കർഷകന് ന്യായമായ വരുമാനം ലഭിക്കുന്നില്ല. ഇതിനൊരു പരിഹാരം ശാസ്ത്രീയമായ മൃഗസംരക്ഷണവും പരിപാലനം കൂടിയ തീരു എന്നാൽ മറ്റു തൊഴിലുകളെ അപേക്ഷിച്ച് പശുവളർത്തൽ വരെ ആദായകരമല്ലാത്തതിനാൽ വളരുന്ന തലമുറയ്ക്ക് ഈ തൊഴിലുള്ള ആഭിമുഖ്യം കുറഞ്ഞു വരുന്നതായി കാണാം. റബ്ബർ,കുരുമുളക്, മുതലായ നാണ്യവിളകൾ ഉത്പാദിപ്പിക്കുന്ന കൃഷിക്കാർ ധാരാളമുള്ളതും, വിദേശപണത്തിന്റെ വരവും ഒരു പരിധിവരെ കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നതിനു സംശയമില്ല. മനുഷ്യ ജീവിതത്തിന് അത്യാവശ്യമായ പാൽ ഉത്പാദനം, മാംസം, മുട്ട മുതലായവ ലഭ്യമാക്കുവാൻ ഈ ഉപതൊഴിലിനെ പ്രോൽസാഹിപ്പിച്ചേമതിയാകു. ഇതിന് വിദഗ്ദ്ധന്മാരുടെ സേവനം അത്യാവശ്യമാണ്. വടശ്ശേരിക്കര പഞ്ചായത്തിൽ വടശ്ശേരിക്കര, ചെറുകുളഞ്ഞി, എന്നീ മൃഗാശുപത്രികളും, പള്ളിക്കമുരുപ്പ്, തലച്ചിറ, മണിയാർ എന്നി പ്രദേശങ്ങളിൽ I.C.D.P സബ്സെന്ററുകളും ആണ് ആകെയുള്ള മൃഗസംരക്ഷണ സംവിധാനം. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ അടിയന്തര സംവിധാനം ചെയ്തെങ്കിൽ മാത്രമേ മൃഗസംരക്ഷണം യാഥാർത്ഥ്യമാവുകയുള്ളു. ഈ പഞ്ചായത്തിൽ തലച്ചിറ, മണിയാർ, കുമരംപേരൂർ, സൗത്ത്, വടശ്ശേരിക്കര വടക്ക്, ക്ഷീരസഹകരണസംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇതിൽ തലച്ചിറ ക്ഷിരസഹകണ സംഘം ഒഴികെ മറ്റു സംഘങ്ങൾ എല്ലാം പാൽ ഉത്പാദനത്തിൽ വളരെ പിന്നോക്കാവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ ഈ പഞ്ചായത്തിലെ നിലവിലുള്ള കന്നുകാലിസമ്പത്തിനെപ്പറ്റി വിശകലനം ചെയ്യാം.

### മൃഗസംരക്ഷണ വിവരങ്ങൾ

പട്ടിക-I

| മൃഗങ്ങൾ/പക്ഷികൾ | 1996 ലെ കണക്ക് |
|---|---|
| പശു | 2218 എണ്ണം |
| കിടാരി | 2025 " |
| എരുമ | 21 " |
| താറാവ് | 180 " |
| പന്നി | 145 " |
| ആട് | 1235 " |
| പട്ടി | 1260 " |
| കോഴി | 11478 |

പട്ടിക-2

കന്നുകാലികളുടെ വിവരം

| വിഭാഗം | നാടൻ | സങ്കരയിനം | ആകെ |
|---|---|---|---|
| കാള | 181 | 12 | 193 |
| പശു | 1600 | 618 | 2218 |

അവലംബനം മിൽമ. സംഘങ്ങളിൽനിന്നും

## കോഴി വളർത്തുന്ന രീതി

ഈ പഞ്ചായത്തിലെ മിക്ക വീടുകളിലും മുട്ട-ഇറച്ചി കോഴികളെ വളർത്തുന്നുണ്ടെങ്കിലും ആവശ്യത്തിനു മതിയാവില്ല. ആയതിനാൽ മറ്റുസ്ഥലങ്ങളിൽ ഉത്പാദിപ്പിക്കുന്ന മുട്ടയും, ഇറച്ചി കോഴികളേയും ഇവിടെ കൊണ്ടുവന്ന് ഉപജീവനം നടത്തുവാൻ വരെയധികം ഉണ്ട്

## പ്രശ്നങ്ങൾ

1. നല്ല ഇനം പശുക്കളുടെ കുറവ്
2. ശാസ്ത്രീയമായ മൃഗപരിപാലനരീതിയിലുള്ള അജ്ഞത
3. ആധുനിക ചികിത്സാരീതിയുടെ കുറവും കർഷകർക്കുള്ള അറിവില്ലായ്മയും.
4. ചുരുങ്ങിയ ചിലവിൽ കാലിതീറ്റയുടെ ലഭ്യതക്കുറവ്
5. പുൽകൃഷിയിലുള്ള പരിചയക്കുറവ്
6. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽനിന്നും യഥാസമയം ക്ഷീരവിപണനം നടത്തുവാനുള്ള സൗകര്യക്കുറവ്
7. നല്ലയിനം ഇറച്ചിക്കോഴികളുടെയും, മുട്ടക്കോഴികളുടെയും ദൗർലഭ്യം
8. നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്. ശാസ്ത്രീയരീതിയിലുള്ള പന്നിവളർത്തലിനുവേണ്ട വിദഗ്ധോപദേശം.
9. ശാസ്ത്രീയ രീതിയിലുള്ള നായ സംരക്ഷണത്തിന്റെ അപര്യാപ്തത.

## നിർദ്ദേശങ്ങളും, സാദ്ധ്യതകളും

1. ക്ഷീരകർഷകന് ആധുനികരീതിയിലുള്ള മൃഗപരിപാലനത്തിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.
2. കുറഞ്ഞനിരക്കിൽ പോഷകഗുണമുള്ള കാലിത്തീറ്റ ലഭ്യമാക്കുക
3. തീറ്റൽപ്പുൽ കൃഷിയെ പ്രോൽസാഹിപ്പിക്കുക.
4. മിൽമാ. മൃഗസംരക്ഷണ വകുപ്പ്. ക്ഷീരവികസന വകുപ്പ്. എന്നിവയിൽനിന്നും കർഷകർക്ക് ലഭിക്കേണ്ട ന്യായമായ ആനുകൂല്യം യഥാസമയം കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.
5. എല്ലാ വാർഡുകളിലും, ക്ഷീരസംഭരണ സംഘങ്ങൾ ആരംഭിക്കുകയും, നിലവിലുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
6. നല്ല ഇനം ഇറച്ചിക്കോഴികളുടേയും, മുട്ടക്കോഴികളുടേയും. കുഞ്ഞുങ്ങളേ കർഷകർക്ക് കുറഞ്ഞ വിലക്ക് വിതരണം ചെയ്യുക.
7. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പാസൗകര്യം മെച്ചപ്പെടുത്തുക. കാർഷികബാങ്കുകളിലൂടെ കന്നുകാലി. കോഴി. പന്നി. എന്നി കൃഷികൾക്കാവശ്യമായ വായ്പ ഉറപ്പുവരുത്തുക.
8. നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ മിതമായ വിലക്ക് ലഭ്യമാക്കുകയും ശാസ്ത്രീയ കൃഷിസമ്പ്രദായം നടപ്പിലാക്കുകയും ചെയ്യുക.
9. എല്ലാ മൃഗങ്ങളുടേയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുകയും, ആവശ്യമായ ബോധവത്ക്കരണം നടത്തുകയും ചെയ്യുക.
10. വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുകയും, പേവിഷ ബാധക്കെതിരെ ഉള്ള കുത്തിവെയ്പ് നിർബ്ബന്ധമാക്കുകയും ചെയ്യുക.
11. അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ പിടിച്ചുകൊല്ലുവാൻ അടിയന്തരമായും നടപടി എടുക്കുക.

## മത്സ്യബന്ധനം

1. വടശ്ശേരിക്കര പഞ്ചായത്തിലൂടെ ഒന്നിലധികം നദികൾ കടന്നുപോവുന്നുണ്ടെങ്കിലും മത്സ്യങ്ങളെ വളത്തുന്നതിന് ആവശ്യമായ ചെറിയകുളങ്ങളും മറ്റും ഉണ്ട്. എന്നാൽ വർഷകാലങ്ങളിൽ ഈ കുളങ്ങൾ നിറയുകയും, വേനൽക്കാലങ്ങളിൽ വറ്റുകയും ചെയ്യുന്നതിനാൽ അസാദ്ധ്യമാണ്.

## നിർദ്ദേശങ്ങൾ

2. മത്സ്യകൃഷിയക്ക് ആവശ്യമായ മത്സ്യകുഞ്ഞുളെ ലഭ്യമാക്കുക. ഈ കൃഷിക്കാവശ്യമായ ബോധവൽക്കരണം നടത്തുക. വൽക്കരണം നടത്തുക. വർഷകാലങ്ങളിൽ കുളങ്ങൾ കവിഞ്ഞു പോകാതെയും വേനൽകാലങ്ങളിൽ വെള്ളം വറ്റാത്ത കുളങ്ങളും നിർമ്മിക്കുക.

5 -3

# വ്യവസായം

വടശേരിക്കര ഗ്രാമ പഞ്ചായത്തിന് വ്യവസായ മേഖലയിൽ പുരോഗതിനേടാൻ ഇതേവരെ സാധിച്ചിട്ടില്ല. മുമ്പ് ഈ പഞ്ചായത്തിൽ തുകൽ സംസ്കരണം, ഹവായ് ചപ്പൽ നിർമ്മാണം, റേഡിയോ, ടെലിവിഷൻ, അസംബ്ലിംഗ്, പായ്ക്കിംഗ് കേയ്സ് നിർമ്മാണം, പ്ലാസ്റ്റിക് വ്യവസായം, ഫർണിച്ചർ വ്യവസായം, മുട്ടക്കോഴി വളർത്തൽ മുതലായ ചെറുകിട വ്യവസായങ്ങൾ നടത്തിയിരുന്നു.

പൊതുമേഖലയിൽ വടശേരിക്കര പഞ്ചായത്തിൽ യാതൊരു വ്യവസായങ്ങളും നാളിതുവരെയില്ല. എന്നാൽ നാമമാത്രമായ ചെറുകിട വ്യവസായങ്ങൾ ഈപഞ്ചായത്തിൽ ഉണ്ട്. അത് താഴെപറയുന്ന പ്രകാരമാണ്.

| ക്രമനമ്പർ | ചെറുകിട വ്യവസായങ്ങൾ | എണ്ണം | വാർഡ് |
|---|---|---|---|
| 1. | ഹോളോബ്രിക്സ് യൂണിറ്റ് | 2 | 8, 1 |
| 2 | ക്രഷ്മില്ല് | 2 | 8 |
| 3 | തടിമില്ല് | 4 | 8, 4 |
| 4 | മെറ്റൽക്രഷർ | 1, 4 | |
| 5 | വെൽഡിംഗ് വർക്ക്ഷോപ്പ് | 4 | 8, 5, 4 |
| 6 | മോട്ടോർ വർക്ക് ഷോപ്പ് | 7 | 8, 5, 4 |
| 7 | ഓയിൽ/ഫ്ലവർമില്ലുകൾ | 8 | 8, 5, 4, 9 |
| 8 | ഇഷ്ടിക നിർമ്മാണം | 2 | 8, 9 |
| 9 | പ്രിന്റിംഗ് പ്രസ്സ് | 2 | 8, 9 |
| 10 | ഫൈബർ ഗ്ലാസ് | 1 | 9 |

## പ്രശ്നങ്ങൾ

1. വ്യവസായ വളർച്ചക്ക് അനുയോജ്യ ഘടകങ്ങളായ സാക്ഷരത, ആരോഗ്യമുള്ള തൊഴിലാളികൾ, ഗതാഗത സൗകര്യം, വാർത്താവിനിമയ സൗകര്യം, വൈദ്യുതി എന്നിവയെല്ലാം നമുക്കുണ്ടെങ്കിലും, വ്യാവസായികമായി വളരാൻ കഴിയാത്തത് താഴെ പറയുനന കാരണങ്ങളാലാണ്.

2 നമ്മുടെ മുഖ്യകൃഷി റബ്ബറാണെങ്കിലും റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

3 കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ യാതൊരുവിധ ഏജൻസികളുമില്ല.

4 വായ്പകൾക്കുള്ള അമിതപലിശ നിരക്ക്

5 നിരന്തരമായുണ്ടാകുന്ന വൈദ്യുതി തകരാറും, വോൾട്ടേജ് ക്ഷാമവും.

6 സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും സഹകരണമേഖലയിൽ വ്യവസായങ്ങൾ ഒന്നുംതന്നെ ആരംഭിക്കുന്നില്ല.

7 വനിതകൾ വ്യാവസായിക രംഗത്തേക്ക് കടന്നുവരുന്നില്ല., കാരണം സാങ്കേതിക പരിജ്ഞാനക്കുറവാണ്

## നിർദ്ദേശങ്ങൾ

1. റബർ ബോർഡും, റബറുല്പാദക സംഘങ്ങളുമായി ബന്ധപ്പെട്ട് റബറധിഷ്ഠിത വ്യവസായങ്ങൾക്ക് സാങ്കേതിക പരിശീലനം നല്കുക.
2. ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട് ലോണുകൾ, സബ്സിഡികൾ മുതലായ കാര്യങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക.
3. സഹകരണ സംഘങ്ങൾ മുൻകൈ എടുത്ത് കുറഞ്ഞപലിശനിരക്കിൽ ലോണുകൾ കൊടുത്ത് സഹകരണമേഖലയിൽ വ്യവസായങ്ങൾ തുടങ്ങുക.
4. വനിതകൾക്ക് സാങ്കേതിക പരിജ്ഞാനവും സാങ്കേതികമായ ബോധവൽക്കരണവും നടത്തുക.
5. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

## സാദ്ധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ സാങ്കേതിക പരിജ്ഞാനവും, വിദ്യാഭ്യാസവും ഉള്ള യുവതീയുവാക്കൾ ധാരാളമുണ്ട്. വ്യവസായത്തിനത്യാവശ്യമായ അസംസ്കൃത വസ്തുക്കൾ, ഗതാഗതം എന്നിവ സുലഭവുമാണ്. മുകളിൽ സൂചിപ്പിച്ച കാരണങ്ങൾ കൊണ്ട് താഴെ പറയുന്ന വ്യവസായങ്ങൾ സാദ്ധ്യതകൾ ഏറെയാണ്.

1. റബർ ബാന്റ്
2. റബർ പന്ത്
3. കയ്യുറകൾ
4. ഫോം മെത്തകൾ
5. മോട്ടോർ വാഹനങ്ങളുടെ റബർ ബുഷ്
6. സംസ്കരിച്ച റബർ തടികൊണ്ടുള്ള ഫർണിച്ചർ യൂണിറ്റ്
7. ബലൂൺ
8. റബറിനുപയോഗിക്കുന്ന പ്ലാസ്റ്റിക് ചിരട്ടകൾ
9. റബർ നഴ്സറി
10. കോൺക്രീറ്റുകൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ
11. ഫർണിച്ചർ വ്യവസായം
12. ഇറച്ചിക്കോഴി വളർത്തൽ
13. കാർഷികോപകരണ നിർമ്മാണശാല

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണന നിർദ്ദേശിച്ച് നടപ്പിലാക്കിയാൽ ഏതാനും വർഷങ്ങൾക്കകം നമ്മുടെ പഞ്ചായത്തിനുള്ള വ്യവസായ മുരടിപ്പ് മാറ്റിഎടുക്കുവാനും കൂടുതലാളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും.

1. ചിപ്സ്(നേന്ത്രക്കായ്, മരച്ചീനി മുതലായവ)
2. ജാമുകൾ, (പൈനാപ്പിൾ, പറങ്കിമാമ്പഴം, നേന്ത്രപ്പഴം, മുതലായവ നിർമ്മിക്കുന്ന യൂണിറ്റുകൾ)
3. തേനീച്ച വളർത്തൽ
4. റെഡിമേയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ
5. മിനറൽ വാട്ടർ നിർമ്മാണ യൂണിറ്റ്-ബോട്ടിലിംഗ് പ്ലാന്റ് ഉൾപ്പടെ.

5-4



# വിദ്യാഭ്യാസം

പത്തനംതിട്ട ജില്ലയിൽപെട്ട റാന്നി താലൂക്കിലെ പഞ്ചായത്തുകളിൽ സാക്ഷരതയിൽ വടശ്ശേരിക്കര പഞ്ചായത്തിന് ഗണ്യമായൊരു സ്ഥാനമുണ്ട്. നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ റബ്ബർ തേയില എന്നിവ പ്ലാന്റ് ചെയ്യാനായി വെള്ളക്കാർ ഈ പ്രദേശത്ത് കടന്നു വന്നത് വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് സഹായകമായിതീർന്നിട്ടുണ്ട്. ശബരിമല, നിലയ്ക്കൽ എന്നീ പ്രദേശങ്ങളിലേക്കുള്ള കിഴക്കിന്റെ കവാടമായി വടശ്ശേരിക്കര പരിലസിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് വന്യമൃഗം വിഹരിച്ചിരുന്ന ഈ പ്രദേശം കാലക്രമേണ മദ്ധ്യതിരുവിതാംകൂറിൽനിന്ന് ജനങ്ങൾവന്ന് കുടിയേറിപാർക്കാൻ തുടങ്ങി. ഇങ്ങനെ പാർത്തജനങ്ങളുടെ കുട്ടികൾക്ക്വേണ്ടി ആരംഭിച്ച പഞ്ചായത്തിലെ പ്രഥമ സ്കൂളാണ് ഇപ്പോഴത്തെ വടശ്ശേരിക്കര ഗവ: എൽ പി സ്ക്കൂൾ. 1087-ാമാണ്ട് മീനമാസത്തിൽ 1251 നമ്പ്ര 67.51 വീതിയുള്ള സ്ഥലം താഴത്തില്ലത്ത് തോമസ് ചാക്കോ ചന്ദനപ്പറമ്പിൽ ഗീവർഗ്ഗീസ് അവറുകളോട് വാങ്ങിക്കുകയും ടി സ്ഥലത്ത് അന്ന് കാവന്നാൽ റബ്ബർ എസ്റ്റേറ്റ് മാനേജരായിരുന്ന ചാൻസ് ബ്രാണ്ടൻ സായിപ്പ് ഇപ്പോഴത്തെ സ്ക്കൂളിന്റെ മുഖ്യകെട്ടിടം പണികഴിപ്പിക്കുകയും വിദ്യാലയ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആദ്യകാലത്ത് മലയാളം 7-ാം ക്ലാസ്സ് വരെ ആരംഭിച്ച ഈ വിദ്യാലയം പിൽക്കാലത്ത് 4-ാംക്ലാസ്സ് വരെയുള്ള L P S ആയി ചുരുങ്ങുകയും ചെയ്തു. തുടർന്ന് സ്ക്കൂളിന് ആവശ്യമായസ്ഥലം നാട്ടുകാരുടെ ശ്രമഫലമായി സമ്പാദിക്കുകയും കാലതാമസംകൂടാതെ സർക്കാർസ്ക്കൂൾ ആയിത്തീരുകയും ചെയ്തു.

ഏറെക്കാലം കഴിയുന്നതിന്മുൻപായിതന്നെ താഴത്തില്ലത്ത് വരിക്കോലിക്കുന്നിൽ ശ്രീ തോമസ് മാത്യുവിന്റെ മാനേജ്മെന്റിൽ സ്ഥാപിച്ചEnglish Middle School ആണ് ഇന്നത്തെ T.T.T.മെമ്മോറിയൽ V.H.S.

ഇന്ന് വടശ്ശേരിക്കര പഞ്ചായത്തിലെ പത്തുവാർഡുകളിലായി 12-L P S ഉം 7-U P S ഉം 6- High Schoolഉം ഉണ്ട്. സമീപകാലത്തായി വടശ്ശേരിക്കര H S.VHSആയി ഉയർത്തപ്പെടുകയും ചെയ്തിട്ടുണ്ട്.Govt: അംഗികാരം ഇല്ലാത്ത 3 ഇംഗ്ലീഷ് മീഡിയം L P S- 4, 5, 8, എന്നി വാർഡുകളിൽ നടത്തിവരുന്നുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ 2,4 വാർഡുകളിൽ താഴെ പ്പറയുന്ന സ്ക്കൂളുകളോട് ചേർന്ന് പ്രീ പ്രൈമറി പി ടി എ യുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

(1) ഗവ:UPSവടശ്ശേരിക്കര.

(2) M.T.L.P.Sകുമ്പനംപേരൂർ സൗത്ത്.

(3) CMS L.P.S.കുമ്പളാംപൊയ്ക.

## നേഴ്സറി.

മേൽചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമേ പ്രവർത്തിക്കുന്ന സ്വകാര്യ നേഴ്സറി സ്കൂളുകൾ

(1) നേഴ്സറി സ്കൂൾ-വലിയകുളം

(2) നേഴ്സറി സ്കൂൾ-കുമ്പളാംപൊയ്ക

(3) നേഴ്സറി സ്കൂൾ-തലച്ചിറ

(4) നേഴ്സറി സ്കൂൾ-വടശ്ശേരിക്കര

(5) നേഴ്സറി സ്കൂൾ-മണിയാർ

## Marthoma teachers Training College ഇടക്കുളം.

മർത്തോമ്മാ സഭയുടെ റാന്നി-നിലയ്ക്കൽ ഭദ്രാസന മാനേജ്മെന്റിന്റെ കീഴിൽപ്രവർത്തിക്കുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്(B.ed College) 1997-98 വിദ്യാഭ്യാസ വർഷത്തിൽതന്നെ ഈ പഞ്ചായത്തിൽ തുടർന്ന് പ്രവർത്തിക്കുന്നതിന് നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

## പാരലൽ കോളജ്

ഈ ഗ്രാമപഞ്ചായത്തിൽ 4,8,10.വാർഡുകളിലായി ട്യൂട്ടോറിയൽ കം പാരലൽ കോളേജുകൾ നിലവിലുണ്ട്.

## സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഒരു സ്വകാര്യ തയ്യൽപരിശീലനകേന്ദ്രവും മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു കമ്പ്യൂട്ടർ വിദ്യാഭ്യാസ സ്ഥാപനവും നിലവിലുണ്ട്.

### പൊതുവായ ആവശ്യങ്ങൾ/പരിഹാരമാർഗ്ഗങ്ങൾ.

(1) ഈ ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സർക്കാർമേഖലയിൽ ഒരു കോളേജ് ആരംഭിക്കണം.

(2) സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെ നിലവിലില്ലാത്തതിനാൽ സർക്കാർ ഉടമസ്ഥതയിൽ സാങ്കേതികപരിശീലന കേന്ദ്രം ആരംഭിക്കണം.

(3) ഈ ഗ്രാമപഞ്ചായത്തിലെ എല്ലാവാർഡുകളിലും ഏറ്റവും കുറഞ്ഞത് 4 അംഗൻവാടികളെങ്കിലും ആരംഭിക്കണം.

(4) പഞ്ചായത്തിൽ നിലവിലുള്ള എല്ലാHSനോടും ചേർന്ന് +2 ഓ,VHSC ഓ ആരംഭിക്കണം.

(5) നിലവിലുള്ള എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ളവും,വൈദ്യുതിയും എത്തിക്കയും ഗതാഗത സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യുക.

(6) സ്കൂളുകളിലെ ഉച്ചഭക്ഷണത്തിനുള്ള ആനുകൂല്യം വർദ്ധിപ്പിക്കയും പാചകപ്പുര ആവശ്യമുള്ളിടത്തു അവ നിർമ്മിച്ചു നൽകുകയും ചെയ്യുക.

(7) പ്രൈമറിസ്കൂളിനോടനുബന്ധിച്ച് എല്ലാ സ്കൂളിലും Pre-Primary ക്ലാസ്സുകൾ ആരംഭിക്കുക.

(8) പ്രാഥമീകാവശ്യങ്ങൾ നിറവേറ്റാൻ സൗകര്യമില്ലാത്ത സ്കൂളുകളിൽ അവ നിർമ്മിച്ച് കൊടുക്കുക

(9) 5-ാം വാർഡിലെ MTLPSലെ സെഷൻ സമ്പ്രദായം നിർത്തലാക്കാൻ വേണ്ടതുചെയ്യുക.

(10) ഈ പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളുടെ വാർഷീക അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുകയും ആവശ്യമുള്ള ഫർണിച്ചറും പഠനോപകരണങ്ങളും നൽകുകയും ചെയ്യുക.

### വാർഡുതല ആവശ്യങ്ങൾ

1 രണ്ടാം വാർഡ് കേന്ദ്രമാക്കി ഒരു ITI സർക്കാർ ഉടമയിൽ സ്ഥാപിക്കുക.

2 വലിയകുളം ഗവ:LPSന് മുൻവശം റോഡ് DR കെട്ടി അപകടം ഒഴിവാക്കുക.

3 MTLPSചെങ്ങറമുക്കിനോട് ചേർന്നുള്ള സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കുക.

**വാർഡ് VI**

പട്ടികജാതി പട്ടികവർഗങ്ങൾ മാത്രം പാർക്കുന്നതും ഗതാഗത സൗകര്യം കുറവായതുമായ ഈ വാർഡിൽ ഗവ: ഉടമസ്ഥതയിൽ ഒരു ലോവർപ്രൈമറി സ്കൂളും ഒരു തൊഴിൽ പരിശീലനകേന്ദ്രവും ആരംഭിക്കണം.

**വാർഡ് 7**

1. നിലവിലുള്ള എസ്. എൻ. ഡി. പി. യു. പി. എസ്സ്. അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കുക.
2. ഗവ. എൽ. പി. എസ്സ്. തലച്ചിറ, എസ്. എൻ. ഡി. പി. യു. പി. എസ്സ്. തലച്ചിറ, എന്നീവിദ്യാലയങ്ങൾക്ക് കളിസ്ഥലം നിർമ്മിച്ചുകൊടുക്കുക.
3. ഏഴാം വാർഡ് കേന്ദ്രമാക്കി ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

**വാർഡ് 8**

1. വാഹന ഗതാഗത തിരക്കുള്ള റോഡരുകിൽ സ്ഥിതിചെയ്യുന്ന ഗവ. എൽ. പി. എസ്സ് വടശ്ശേരിക്കരയ്ക്ക്ചുറ്റും മതിൽകെട്ടി സംരക്ഷിക്കുക. സ്ക്കൂളിനോടുചേർന്നുള്ള 1.5 സ്ഥലത്ത് കളിസ്ഥലം നിർമ്മിച്ചുകൊടുക്കുക
2. ഈ സ്ക്കൂളിന് സെമി പെർമനന്റ് കെട്ടിടം കെട്ടിയടച്ച് സാമൂഹ്യ വിരുദ്ധരുടെ ശല്യം ഒഴിവാക്കുക.

**വാർഡ്10**

1. വനത്താൽ ചുറ്റപ്പെട്ടതും, ഗിരിജനങ്ങൾ കൂടുതൽ അധിവസിക്കുന്നതും ഗതാഗതസൗകര്യം പരിമിതവുമായ ഈ പ്രദേശത്ത് സ്ഥിതിചെയ്യുന്ന കോമള വിലാസം എൽ. പി. എസ്സ്. അപ്ഗ്രേഡ് ചെയ്ത് ഒരു യു. പി. എസ്സ്. ആക്കുക.

വടശ്ശേരിക്കര പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠന നിലവാരംപൊതുവേ ആശാവഹമല്ല. ഇത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### നിർദ്ദേശങ്ങൾ

1. സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി എല്ലാ വിദ്യാലയങ്ങളിലും കാര്യക്ഷമമായി നടപ്പിലാക്കുക.
2. കുട്ടികളുടെ കലാപരവും കായികവുമായ കഴിവുകൾ വികസിപ്പിച്ച് വിദ്യാഭ്യാസ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുക.
3. വിദ്യാലയത്തിലെ അച്ചടക്കം നിലനിർത്തുന്നതിന് രാഷ്ട്രീയം അവസാനിപ്പിക്കുക.

അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു ദൃശ്യ ശ്രവ്യ സങ്കേതത്തിന് രൂപം നൽകുകയും എല്ലാ സ്കൂളുകളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തുകയും ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ തൽപരരായ എല്ലാവർക്കും ആരോഗ്യം വിദ്യാഭ്യാസം, പരിസ്ഥിതി നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വ കാല കോഴ്സുകൾ ഈ പങ്കാളിത്തത്തോടെ ആരംഭിക്കുകയും ചെയ്യുക. വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ പ്രോത്സാഹിപ്പിക്കുകയും അതുവഴി പഠന പ്രവർത്തനങ്ങളലേക്ക് അവരെ നയിക്കുകയും വേണം.

മാസാന്ത പരീക്ഷകളും, മാതൃസംഗമങ്ങളും, ക്ലാസ്. പി. ടി. എ. എല്ലാം ഒത്തുചേർന്ന് നാം പരിതപിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ ഇല്ലാതാക്കാൻ പരിശ്രമിക്കാം.

### പരിഹാരമാർഗ്ഗങ്ങൾ

9. ബഥനി ആശ്രമം ഹൈസ്ക്കൂൾ പ്ലസ് ടു അനുവദിക്കുക.
10. സി. എം. എസ്. ഹൈസ്ക്കൂൾ കുമ്പളാം പൊയ്കയിൽ വോക്കേഷണൽ ഹയർ സെക്കണ്ടറി അനുവദിക്കുക. കംമ്പ്യൂട്ടർ കോഴ്സ് അനുവദിക്കുക.
11. സി. എം. എസ്സ്. ഹൈസ്ക്കൂളിന് സ്റ്റേഡിയം നിർമ്മിക്കുക.
12. ആറാം വാർഡിൽ കുമ്പളത്താം മണ്ണിൽ ഒരു എൽ. പി. എസ്സ്. അനുവദിക്കുക.
13. ഒൻപതാം വാർഡിൽ ഒളികല്ലിൽ എൽ. പി. എസ്സ്. അനുവദിക്കുക.
14. പേഴുംപാറ ഡി. പി. എൻ. യു. പി. എസ്സ് ഹൈസ്ക്കൂളാക്കി ഉയർത്തുക.
15. മണിയാർ ഹൈസ്ക്കൂളിൽ പ്ലസ് ടു അനുവദിക്കുക.
16. പടയനിപാറ കോമള വിലാസം എൽ. പി.എസ്സ്. യു. പി. എസ്സ്. ആക്കി ഉയർത്തുക.
17. ഗുരുകുലം ഹൈസ്ക്കൂളിനോടുചേർന്ന് മാർത്തോമാ സണ്ടേസ്ക്കൂൾ സമാജം വക സ്ഥലത്ത് ഒരു സാങ്കേതിക ഇഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുക.



| | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു: | സ്ത്രീ | ആകെ |
| വാർഡ് I | ബഥനി ആശ്രമം HS | Aided | 127 | 109 | 236 | 1 | 6 | 7 |
| ചെറുകുളഞ്ഞി | | | | | | | | |
| വാർഡ്II | വലിയകുളം HS | Aided | 81 | 86 | 167 | 5 | 4 | 9 |
| വലിയകുളം | Govt New UPS | Aided | 88 | 76 | 164 | 3 | 6 | 9 |
| വടശ്ശേരിക്കര | SNV UPSവലിയകുളം | Aided | 96 | 86 | 182 | | | |
| വാർഡ് III | Gurukulam HS | Aided | 300 | 124 | 424 | 6 | 13 | 19 |
| ഇടക്കുളം | kumaramperurHS | " | 52 | 50 | 102 | - | 5 | 5 |
| വാർഡ് IV | CMSHS | „ | 394 | 352 | 746 | 14 | 22 | 36 |
| കുമ്പളാംപൊയ്ക | CMS LPS | | 87 | 96 | 183 | | | |
| വാർഡ് V | MTLPS ഇടത്തറ | „ | 49 | 68 | 117 | 1 | 3 | 4 |
| വാർഡ്VI | | | | | | | | |
| വാർഡ്VII | SNDP UPS തലച്ചിറ | Aided | 76 | 89 | 165 | 3 | 7 | 10 |
| തലച്ചിറ | Govt UPS തലച്ചിറ | „ | 61 | 68 | 129 | 1 | 3 | 4 |
| വാർഡ് VIII | TTTMHS | „ | 539 | 453 | 992 | 9 | 33 | 42 |
| വടശ്ശേരിക്കര | TTTMVHS | „ | 79 | 63 | 142 | 10 | 6 | 16 |
| കുമരംപേരൂർ | EALPS | | 28 | 39 | 67 | - | 3 | 3 |
| | Govt LPSവടശ്ശേരിക്കര | „ | 109 | 85 | 194 | 3 | 3 | 6 |
| വാർഡ് X | പൽപ്പുമെമ്മോറിയൽUPS | „ | 292 | 244 | 536 | 2 | 17 | 19 |
| പേഴുംപാറ | കോമളവിലാസം LPS | „ | | | | | | |
| പടയനിപ്പാറ | | „ | | | | | | |
| HSമണിയാർ | മണിയാർHS | „ | 144 | 158 | 302 | 10 | 10 | 20 |

പട്ടിക 2

## ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ബഥനി ആശ്രമം എച്ച്. എസ്സ്. ചെറുകുളഞ്ഞി | 236 | 14 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2 | ബഥനി ആശ്രമം യു. പി. എസ്സ് | 268 | 8 | ,, | ,, | ,, | |
| 3 | ,, എൽ. പി. എസ്സ് | 304 | 7 | ,, | ,, | | |
| 4 | വലിയകുളം എച്ച്. എസ്സ് | 167 | | | ,, | ഇല്ല | ഉണ്ട് |
| 5 | ഗവ. ന്യൂ യു. പി. എസ്സ്. വടശ്ശേരിക്കര | 164 | | ,, | | ,, | ,, |
| 6 | എസ്. എൻ. വി. യു. പി. എസ്സ്. വലിയകുളം | 182 | | | ,, | ,, | |
| 7 | ഗവ. എൽ. പി. എസ്സ്. വലിയകുളം | 157 | | ,, | ,, | ,, | |
| 8 | ഗുരുകുലം എച്ച്. എസ്സ്. ഇടക്കുളം | 424 | 19 | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 9 | കുമരം പേരൂർ സൗത്ത് എൽ. പി. എസ്സ് | 102 | 5 | ഇല്ല | ഇല്ല | ഇല്ല | |
| 10 | സി. എം. എസ്സ്. എച്ച്. എസ്സ്. ഇടക്കുളം | 746 | ,, | | ഇല്ല | ഉണ്ട് | |
| 11 | എം. ടി. എൽ. പി. എസ്സ്. കുമരംപേരൂർ സൗത്ത് | | | ,, | ഇല്ല | ഉണ്ട് | ഇല്ല |
| 12 | എം. ടി. എൽ. പി. എസ്സ് ഇടത്തറ | 117 | 3 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 13 | ഗവ. എൽ. പി. എസ്സ് തലച്ചിറ | 165 | 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 14 | ,, വടശ്ശേരിക്കര | 194 | 6 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 15 | ടി. ടി. ടി. എം. എച്ച്. എസ്സ്. വടശ്ശേരിക്കര | 67 | 3 | ഉണ്ട് | ഇല്ല | ,, | |
| 17 | ,, വി. എച്ച്. എസ് | 142 | 16 | | | | |
മാർക്കറ്റിലെ ഏതാനും പുതിയ കെട്ടിടങ്ങൾ ഒഴികെ നിലവിലുള്ള കെട്ടിടങ്ങളെല്ലാം ജീർണിച്ച് നാശോന്മുഖമാണ്.

## നിർദ്ദേശങ്ങൾ

1 പമ്പാജലസേചന പദ്ധതിവക പേഴുംപാറയിലുള്ള സ്ഥലം ഏറ്റെടുത്ത് ഒരു പുതിയ മാർക്കറ്റ് സ്ഥാപിക്കണം.

2 നിലവിലുള്ള മാർക്കറ്റിൽ പുതിയ ഷോപ്പിംഗ് കോംപ്ലക്സും, ആധുനിക രീതിയിൽ ഒരു സ്ലോട്ടർ ഹൗസും നിർമ്മിക്കണം.

3 നിലവിലുള്ള മാർക്കറ്റിന്റെ മദ്ധ്യഭാഗത്തായി ഇരു വശത്തേക്കും ദർശനമായി കൂടുതൽ സ്റ്റാളുകൾ നിർമ്മിക്കുക.

4 മാർക്കറ്റ് ശുചിയായും ഭംഗിയായും സൂക്ഷിക്കുന്നതിന് ഓടകൾ കൂടുതലായി നിർമ്മിക്കുകയും, കോമ്പൗണ്ട് വാൾ നിർമ്മിക്കുകയും ചെയ്യുക.

5 മാർക്കറ്റിൽ നിലവിലുള്ള മൂത്രപ്പുര അറ്റകുറ്റപ്പണികൾ തീർത്ത് വൃത്തിയായി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുക.

# ഭവനനിർമ്മാണവും, സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും മുൻപന്തിയിലുള്ള ഒരു പഞ്ചായത്താണ് വടശ്ശേരിക്കര പഞ്ചായത്ത്. വടശ്ശേരിക്കര വില്ലേജ് പൂർണമായും ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വളരെ വിസ്തൃതമായ പഞ്ചായത്തത്രേ വടശ്ശേരിക്കര. ഉന്നത സാമ്പത്തിക ഭദ്രത കൈവരിച്ചിട്ടുള്ള ഭൂവുടമകൾ ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ അധിവസിക്കുന്നു വെങ്കിലും വ്യാവസായികമായി മൂലധനം മുടക്കുവാൻ തല്പരരാകാത്തത്. തൊഴിൽരംഗത്തെ മന്ദീഭവിപ്പിക്കുണ്ട്. വ്യാവസായികമായി പുരോഗതി കൈവരിക്കുവാൻ പരിതസ്ഥിതിയുള്ള ഈ പഞ്ചായത്തിൽ മൂലധനം മുടക്കുവാൻ സമ്പന്നർ രംഗത്തെത്തിയാൽ ഇവിടുത്തെ തൊഴിലില്ലായ്മ ഒരു പരിതി വരെ പരിഹരിക്കാൻ കഴിയും. കർഷകരും കർഷകതൊഴിലാളികളും ആണ് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും.

പഞ്ചായത്തിലെ 6847 വീടുകളിൽ വാസയോഗ്യമായ ഭവനങ്ങൾ 5041 ഉണ്ട് ഇടത്തരംവീടുകൾ 1088ഉം ബാക്കി 718 വീടുകൾ കുടിൽതരത്തിലുള്ളതാണ്.

പഞ്ചായത്തു മുഖേനയും ബ്ലോക്ക് മുഖേനയും നിരവധി ഭവന നിർമ്മാണ വായ്പകൾ നൽകിക്കൊണ്ടിരിക്കുന്നു. ഭവന നിർമ്മാണം അപര്യാപ്തമാണ്. വടശ്ശേരിക്കര കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഭവന നിർമ്മാണ സഹകരണസംഘം മുഖേന നിരവധി വ്യക്തികൾക്ക് ഭവന നിർമ്മാണ വായ്പകൾ നൽകിക്കൊണ്ടിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനവും കൂലിവർദ്ധനവും നിർമ്മാതാക്കളെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

ഗതാഗത സൗകര്യം കണക്കിലെടുത്ത് ഭവന നിർമ്മാണം നടത്തുന്നതിന് ആളുകൾ തയ്യാറാകുന്നതിൽ പ്രസ്തുത പ്രദേശങ്ങളിൽ ഭൂവില അമിതമായി വർദ്ധിച്ചതു മാത്രമല്ല ഭൂമിലഭിക്കുവാനും ബുദ്ധിമുട്ടാണ്.

ഈ പഞ്ചായത്തിൽ 3 ലക്ഷംവീടു കോളനിയും 4 പുനരധിവാസകോളനികളും ഉണ്ട്. വാർഡുകളിൽ ഹരിജൻ കോളനികൾ ഉണ്ട്. 1,3,8,വാർഡുകളിൽ ഹരിജൻ കോളനികൾ ഇല്ല. ഈ വാർഡുകളിൽ കോളനികൾ രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്.

ഭവന നിർമാണ സാമഗ്രികൾ ഉണ്ടാക്കി വിൽക്കുന്ന സ്ഥാപനങ്ങൾ വളരെ വിരളമാണ്. രണ്ട് ഹോളോബ്രിക്സ് കേന്ദ്രങ്ങൾ പഞ്ചായത്തി പ്രവർത്തിക്കുന്നുണ്ട്. 7-ാം വാർഡിൽ ഒരു ക്രഷർ യൂണിറ്റ് ഉള്ളതിനാൽ ഭവന നിർമ്മാണത്തിനാവശ്യമായ സ്റ്റോൺമെറ്റൽ ലഭിക്കുന്നുണ്ട്.

## സാദ്ധ്യതകൾ

1. ഭവനരഹിതരായവർക്ക് വീടുകൾ നിർമ്മിക്കാക്കാനുള്ള പദ്ധതി അടിയന്തിര പ്രധാന്യത്തോടെ ഏറ്റെടുക്കുക.
2. സാമ്പത്തിക സഹായം അർഹതയനുസരിച്ച് അനുവദിക്കുവാൻ ശ്രമിക്കുക.
3. കൂടുതൽ ഹൗസിംഗ് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
4. ചിലവുകുറഞ്ഞ പാർപ്പിടങ്ങളുടെ മേന്മകൾ പ്രചരിപ്പിക്കുകയും തൊഴിലാളികളെ പരിശീലിപ്പിക്കുകയും ചെയ്യുക.
5. കെട്ടിട നിർമ്മാണ ചെലവുകൾ വർദ്ധിക്കുന്നതനുസരിച്ച് ഈ രംഗത്തുള്ള ധന സഹായ നിരക്കു വർദ്ധിപ്പിക്കുക.
6. വീട് വയ്ക്കാനുള്ള സർക്കാർ ധനസഹായത്തിന്റെ പരിധി വർദ്ധിപ്പിക്കുക.
7. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അംഗീകാരം പഞ്ചായത്തുമെമ്പർമാർക്ക് നൽകുക.

## സാമൂഹ്യക്ഷേമം

I.R.D.P സർവ്വേ പൂർണരീതിയിൽ ഉദ്യോസ്ഥഭാഗത്തുനിന്നും ഉണ്ടാകാത്തതുമൂലവും അർഹരായ നിരവധി ഗുണഭോക്താക്കൾ വസ്തുതകൾ അറിയുകയോ അർഹത നേടിയെടുക്കുവാൻ സാധിക്കുകയോ ചെയ്യുന്നില്ല. തൊഴിൽരഹിതർ ധാരാളം അധിവസിക്കുന്ന ഈ പഞ്ചായത്തിൽ തൊഴിൽ പരിശീലനം നൽകാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് അധികാരസ്ഥാനങ്ങളിൽനിന്നും തയ്യാറാകാത്തത് നാടിന്റെ വികസനത്തെ തടസ്സപ്പെടുത്തുകയാണ്. 1,4,8 വാർഡ് ഒഴികയുള്ള വാർഡുകളിൽ മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യപദ്ധതി പ്രകാരം ലഭിക്കേണ്ട പെൻഷനുകൾ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ മൂലം യഥാസമയങ്ങളിൽ അപേഷകൾ സമർപ്പിക്കുവാനോ. അർഹതയുടെ മാനദണ്ഡം കണക്കിലെടുത്ത് ലഭിക്കുന്നതിനോ കഴിയുന്നില്ല. അർഹതപ്പെട്ട മുഴുവൻ വ്യക്തികൾക്കും റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിലേക്ക് റേഷൻ കാർഡ് ലഭ്യമാക്കണം.

ഈ പഞ്ചായത്തിൽ 6 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടി ഇല്ലാത്ത വാർഡിൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. പെൻഷൻ ലഭിക്കാത്തവികലാംഗർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള അടിയന്തര ക്രമീകരണം ഇനിഉണ്ടാകണം. ഈ പഞ്ചായത്തിൽ ഒരു കംഫർട്ട്സ്റ്റേഷൻ അത്യന്താപേഷിതമാണ്. കൂടാതെ പൊതുശ്മശാനത്തിന്റെ കുറവ് വളരെയധികം ആളുകളെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

## സാദ്ധ്യതകൾ/പരിഹാരങ്ങൾ

1. സാമൂഹ്യക്ഷേമപദ്ധതിയേക്കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്തിൽ അനിവാര്യമാണ്.
2. തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിൽരഹിതരുടെ എണ്ണം ഒരു പരിതിവരെ കുറയക്കാം.
3. അർഹതപ്പെട്ട പെൻഷൻ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സംവിധാനം ഉണ്ടാക്കുക.
4. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി മാസംതോറു കൂടത്തക്കരീതിയിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുക.
5. സമ്പൂർണ്ണ മദ്യനിരോധനം നപ്പിലാക്കുക.
6. വാർഡുകൾതോറും അംഗൻവാടികൾ തുടങ്ങുക.
7. കൂടുതൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

**നല്ല പൗരന്മാർ**
**നാടിന്റെ സമ്പത്ത്**

# ഭവനലഭ്യതാ പട്ടിക

| | പട്ടിക. രണ്ട് | | | | | |
|---|---|---|---|---|---|---|
| വർഷം | RLEGP | NREY | IAR | JRY | MSW | ആകെ |
| 87 * 88 | 10 | | | | | 10 |
| 88 * 89 | 4 | 6 | | | | 10 |
| 89 * 90 | | | | 11 | 3 | 14 |
| 90 * 91 | | | | 8 | | 8 |
| 91 * 92 | 10 | | | 12 | | 22 |
| 92 * 93 | | | | 4 | 4 | 8 |
| 93 * 94 | | | | 26 | | 26 |
| 94 * 95 | | | 4 | 11 | | 15 |
| 95 * 96 | | | | 9 | | 9 |
| 96 * 97 | | | | 14 | | 14 |
| ആകെ | 24 | 6 | 4 | 95 | 7 | 136 |

| കെട്ടിടം സംബന്ധിച്ചുള്ള വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| | പട്ടിക നമ്പർ ഒന്ന് | | | | |
| വാർഡ് നമ്പർ | ടെറസ് | ടെറസും ഓടും കൂടിയവ | ഓട് | കുടിൽ | ആകെ |
| I | 255 | 201 | 126 | 36 | 618 |
| II | 253 | 205 | 152 | 83 | 93 |
| III | 230 | 215 | 66 | 36 | 547 |
| IV | 200 | 171 | 52 | 86 | 509 |
| V | 210 | 281 | 84 | 35 | 610 |
| VI | 290 | 256 | 107 | 73 | 726 |
| VII | 332 | 320 | 117 | 66 | 835 |
| VIII | 264 | 264 | 148 | 227 | 903 |
| IX | 190 | 210 | 102 | 28 | 530 |
| X | 345 | 349 | 134 | 48 | 876 |
| ആകെ | 2569 | 2472 | 1088 | 718 | 6847 |

5 -8

# സംസ്കാരം

പുണ്യനദിയായ പമ്പയുടേയും, മലമടക്കുകളിൽ കൂടി ഒഴുകി എത്തുന്ന കല്ലാർ നദിയുടേയും മാഹാത്മ്യം കണ്ടറി ഞ്ഞ വടശ്ശേരി ഇല്ലത്തുകാർ ഇതിന്റെ സംഗമ സ്ഥാനത്തു താമസമാക്കിയ കര 'വടശ്ശേരിക്കര' ആയ കഥ ചരിത്രം.

ഇന്ന് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സംസ്കാ രിക കേരളത്തിന്റെ മുൻപന്തിയിൽ സ്ഥാനം പിടിക്കുവാൻ വെമ്പുന്ന ഒരു പഞ്ചായത്തായി നാം മാറിയപ്പോൾ ഈ നേട്ടങ്ങൾക്കു കാരണമായ ഘടകങ്ങളെ തേച്ചു മിനുക്കി യാൽ ദേശീയ പ്രാധാന്യമുള്ള ഒരു ഗ്രാമ പഞ്ചായത്തായി മാറും എന്നതു തീർച്ച.

വിദ്യാഭ്യാസം, കല, കായികം, രാഷ്ട്രീയം തുടങ്ങിയ രംഗങ്ങളിൽ നമുക്കു മാതൃകയായിട്ടുള്ളവരിൽ ഈ പഞ്ചാ യത്തിലെ തലച്ചിറ കൊച്ചുമുറിയിൽ ശ്രീ. കെ. ആർ. രാജൻ ഐ. എ. എസ്. ഇന്ന് 'സാക്ഷരതാ രാജൻ' എന്നപേരിൽ ലോകശ്രദ്ധയാകർഷിച്ചതും, കായികരംഗങ്ങ ളിൽ ശ്രദ്ധേയരായ കുഴികാലായിൽ ശ്രീ. വിജയൻ ഡി. വൈ.എസ്.പി., വലിയതോട്ടത്തിൽ വീട്ടിൽ ശ്രീ. ബാലൻ നായർ ഡി. ഐ. ജി, ഭാരത് ശ്രീ അവാർഡു നേടിയ ഇടത്തറ തകിടിയിൽ വിംഗ്കമാൻഡർ ശ്രീ. റ്റി. ജെ. മത്താ യി. രാഷ്ട്രീയരംഗത്തു പ്രഗത്ഭനായിരുന്ന ശ്രീ. ഇ. എം. തോമസ് എന്നിവർ തെളിച്ച പാതയിൽ കൂടുതൽ വെളിച്ചം പകർന്ന് ഇളംതലമുറയെ നയിച്ചാൽ സാംസ്ക്കാരിക രംഗ ത്തെ അത്യുന്നതങ്ങൾ നമുക്ക് അപ്രാപ്യമല്ല. കുമ്പളാം പൊയ്ക 'മുളവേലിൽ' സ്റ്റീഫൻ ജോർജ് ഐ. ഇ. എസ്. ഇൻകംടാക്സ് അസിസ്റ്റന്റ് കമ്മീഷണറും ഈ നാടിന്റെ അഭിമാനമാണ്. ലോകപ്രശസ്ത സാമൂഹ്യ ശാസ്ത്രജ്ഞനായ ഡോ. ജോർജ് മാത്യു കിഴക്കേതിൽ പി. യു. സി. എൽ. ഡയറക്ടർ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്.

## സാംസ്ക്കാരിക വളർച്ചക്കാവശ്യമായ പ്രമുഖ ഘടകങ്ങൾ

### 1. വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസത്തിനാവശ്യമായ എല്ലാ സൗകര്യ ങ്ങളും ഇപ്പോൾ തന്നെ ഉള്ളവയിൽ( ജില്ലയിൽ ഏറ്റവും കൂടുതൽ സ്കൂളുകൾ ഉള്ള പഞ്ചായത്ത്) ഏറ്റവും പഴക്ക മേറിയ ഇടകുളം ഗുരുകുലം, കുമ്പളാംപൊയ്ക, സി.എം.സ്, വടശ്ശേരിക്കര ഹൈസ്കൂളുകളുടെ മാതൃകാപരമായ പ്രവർ ത്തനം നമ്മുടെ സംസ്ക്കാരം വളർത്തിയെടുക്കുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. 6-ഹൈസ്ക്കുളുകളും, 7അപ്പർ പ്രൈമറി സ്ക്കുളുകളും 9-ലോവർ പ്രൈമറി സ്ക്കുളുകളും 5- നേഴ്സറി സ്കൂളുകളും ഉള്ള നമ്മുടെ ഗ്രാമ പഞ്ചായ ത്തിൽ കിഴക്കൻ മലയോര പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിന് ഒരു കോളജ്കൂടി വടശ്ശേരിക്കരയിൽ അനു വദിക്കേണ്ടത് അനിവാര്യമാണ്.

### 2. ആരാധനാലയങ്ങൾ

നാനാജാതി മതസ്ഥരും സോദരത്വേന വാഴുന്ന ന മ്മുടെ പഞ്ചായത്ത് കേരളത്തിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ കവാടമായി മാറിയിരിക്കുന്നു. ദൈവികമായി നമ്മുക്കു ലഭിച്ചിട്ടുള്ള പള്ളികളുടേയും അമ്പ ലങ്ങളുടേയും പ്രാധാന്യം സാംസ്ക്കാരിക രംഗത്ത് വളരു വാൻ നമ്മേ കൂടുതൽ സഹായിച്ചിട്ടുണ്ട്.

### 3. ഗ്രന്ഥശാലയും വായനശാലയും

ഗ്രന്ഥശാലയും വായനശാലയും സംസ്ക്കാരിരംഗത്ത് നൽകുന്ന സംഭാവനകൾ വളരെ വലുതാണ്. നമ്മുടെ പഞ്ചായത്തിൽ വായനശാലകൾ മാതൃകാപരമായി പ്രവർ

ത്തിച്ചു വരുന്നു. തലച്ചിറ വൈ.എം.എ. കുമ്പളാം പൊയ്ക, ബൗണ്ടറി, വലിയകുളം, കൊമ്പനോലി, പഞ്ചായത്ത് ലൈബ്രറി, വായനശാലയുടെ പങ്ക് വളരെ വലുതാണ്.

## 4. സന്നദ്ധസംഘടനകൾ

യുവതി യുവാക്കളുടെ അഭിരുചികൾ വളർത്തുന്നതിന് വേണ്ടി നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 20 ഓളം ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു ഈ ക്ലബ്ബുകളുടെ കാര്യക്ഷമമായ പ്രവർത്തനം സാംസ്ക്കാരിക രംഗത്ത് ഒരു നേട്ടം തന്നെയാണ്.

## 5. സാക്ഷരതാ പ്രവർത്തനം

നമ്മുടെ പഞ്ചായത്തിലെ 6, 7 വാർഡുകളിലായി ഓരോ ജന വിദ്യാകേന്ദ്രം നിലവിലുണ്ട്. തുടർന്നു സാക്ഷരതാ പ്രവർത്തനം ഈ ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കേണ്ടത് സാംസ്ക്കാരിക രംഗത്ത് ഏറ്റവും അധികം ശ്രദ്ധപതിപ്പിക്കേണ്ട ഒന്നാണ്.

## 6. ഗതാഗതം & വാർത്താവിനിമയം

മലയോര പ്രദേശമായ നമ്മുടെ ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ ശോചനീയഅവസ്ഥയും വാർത്താവിനിമയ രംഗത്തുള്ള പരിമിതികളും സാംസ്കാരിക വളർച്ചക്ക് ഒരു തടസം തന്നെയാണ്.

## 7. സഹകരണപ്രസ്ഥാനം

നമ്മുടെ പഞ്ചായത്തിലെ സഹകരണപ്രസ്ഥാനങ്ങളുടെ വേരോട്ടം നമ്മുടെ സാംസ്ക്കാരത്തെ ഒരുപടികൂടി മുന്നോട്ട് നയിക്കുവാൻ സഹായിച്ചു.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും അടിയന്തരമായി ചെയ്യേണ്ടകാര്യങ്ങൾ.

1. എല്ലാ വാർഡുകളിലും സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുക.
2. സാംസ്ക്കാരിക സംഘടനകളെ ( നിലവിലുള്ളതുൾപ്പെടെ) പഞ്ചായത്തുതല രജിസ്ട്രേഷൻ നടത്തുകയും. പഞ്ചായത്ത് ഗ്രാന്റ് നൽകുകയും ചെയ്യുക. കൂടാതെ വർഷാന്ത്യക്കണക്ക് നിർബ്ബന്ധമായും പരിശോധിക്കുകയും ചെയ്യുക.
3. നിലവിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിടം പണിയുന്നതിനും മറ്റുമായി സാമ്പത്തിക സഹായം ഏർപ്പെടുത്തുക. ഈ സ്ഥാപനങ്ങൾ ഇല്ലാത്ത വാർഡുകളിൽ പഞ്ചായത്തുതല വായനശാലയും ഗ്രന്ഥശാലയും ആത്യാവശ്യമായി സ്ഥാപിക്കുക.
4. നിലവിലുള്ള പഞ്ചായത്തുവക മിനിസ്റ്റേഡിയം ഉപയോഗയോഗ്യമാക്കുകയും, ഇല്ലാത്ത വാർഡുകളിൽ മിനിസ്റ്റേഡിയം പണിയുകയും ചെയ്യുക. അതുവഴി കായികരംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക.
5. മണിയാർ ഡാം ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിപ്പിക്കുക. ഡാമിനോട്ചേർന്നുള്ള സ്ഥലത്ത് പൂന്തോട്ടം. പുനർ നിർമ്മിക്കുകയും. മണിയാർ ഡാമിൽ ബോട്ട് സർവ്വീസ് തുടങ്ങുകയും, സമീപത്ത് നീന്തൽക്കുളവും പണിത് സാംസ്ക്കാരിക പുരോഗതി വർദ്ധിപ്പിക്കുന്നതോടൊപ്പം വിഭവ സമാഹരണവും നടത്താവുന്നതാണ്.
6. നിലവിലുള്ള ലൈബ്രറികളിൽ പത്രമാധ്യമങ്ങൾ സൗജന്യമായി എത്തിച്ചു കൊടുക്കുക.
7. മഹിളാ സംഘടകളടെയും, സന്നദ്ധസംഘടനകളുടേയും സഹകരണത്തോടെ പുസ്തകങ്ങൾ വീടുകളിലെത്തിക്കുകയും തിരികെ വാങ്ങുകയും ചെയ്യുന്നത് വനിതകളുടെ വായനാശീലം വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ വനിതാ ലൈബ്രറികൾ സ്ഥാപിച്ചും സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാം.
8. പഞ്ചായത്തിലെ ഹരിജൻ കോളനികളിലും. ലക്ഷംവീടു കോളനികളിലും മറ്റ് വാർഡു കേന്ദ്രങ്ങളിലും ടി. വി., റേഡിയോ കിയോസ്റ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.
9. ആറാം വാർഡിലെ നിവിലുള്ള ടി.വി കിയോസ്റ്റ്, പൊതുജനങ്ങൾക്ക് സൗകര്യ പ്രദമായരീതിയിൽ സ്ഥാപിക്കുക. പഞ്ചായത്തുവക ടി. വി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിചയ സമ്പന്നരായ ടി.വി ഓപ്പറേറ്റുമാരെ നിയമിക്കുക.

10. സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തു തലത്തിൽ കലാ കായിക മേളകൾ സംഘടിപ്പിക്കുകയും, കൈയെഴുത്തു മാസിക തുടങ്ങിയവ ആരംഭിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകുകയും ചെയ്യുക.

11. സാംസ്കാരിക പ്രവർത്തനങ്ങൾ വാർഡുതലങ്ങളിൽ മെച്ചപ്പെടുത്തുന്നതിന് ജനകീയാസൂത്രണ പഞ്ചായത്ത് കമ്മറ്റിയെ ഏൽപ്പിക്കുക.

12. ജനകീയ പങ്കളിത്തത്തോടുകൂടി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കമ്മ്യൂണിറ്റി സെന്ററുകൾ സ്ഥാപിക്കുക.

13. യുവജന സംഘടനകൾക്ക് കായികോപകരണങ്ങൾ സൗജന്യമായി നൽകുന്നതിന് നടപടി കൈക്കൊള്ളുക.

14. ശബരിമല തീർത്ഥാടകരുടെ സൗകര്യത്തിനായി ഇടത്താവളമായി വടശ്ശേരിക്കരയിൽ കൂടുതൽ വിശ്രമകേന്ദ്രങ്ങളും, കംഫർട്ട് സ്റ്റേഷനുകളും സ്ഥാപിക്കുക. തീർത്ഥാടന കാലയളവിൽ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

15. നിലവിലുള്ള ജന വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കണം.

16. 3-ാം വാർഡിൽ ഇടങ്ങളും (പള്ളിയ്ക്ക മുരുപ്പ്) സ്ഥിതി ചെയ്യുന്നതിന് രാജീവ് ഗാന്ധി മെമ്മോറിയൽ സാംസ്കാരിക നിലയത്തിൽ സ്ഥാപിച്ചിട്ടുള്ള ടി.വി. സെറ്റ് പ്രവർത്തന ക്ഷമമാക്കുകയും ഒരു വായനശാല ആരംഭിക്കുകയും ചെയ്യുക

17. നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥയും വാർത്താവിനിമയ രംഗത്തുള്ള പരിമിതികളും (പ്രത്യേകിച്ച് ടി.വി. റിലേകേന്ദ്രത്തിന്റെ പ്രസാരണ ശേഷി കുറവ്) പരിഹരിച്ച് സാംസ്കാരിക വളർച്ചയെ സഹായിക്കേണ്ടതാണ്.

18. കിഴക്കൻ മലയോരപ്രദേശങ്ങളുടെ കേന്ദ്രമായി മാറി കഴിഞ്ഞ വടശ്ശേരിക്കരയിൽ ഒരു കോളേജു കൂടി അനുവദിക്കേണ്ടതാണ്.

ത്രിതല പഞ്ചായത്തു സംവിധാനത്തിൽ
ഗ്രാമപഞ്ചായത്തുകൾക്ക്
വികസനത്തിനുള്ള പാത
തുറന്നു കിട്ടിയിരിക്കുന്നു.
ഇന്നത്തെ സാഹചര്യത്തിൽ
മേൽ പ്രസ്താവിച്ചിട്ടുള്ള പരിമിതികൾക്ക്
പരിഹാരമായാൽ 21-ാം നൂറ്റാണ്ടിനെ
ആത്മവിശ്വാസത്തോടെ നമുക്ക് സ്വാഗതം ചെയ്യാം!

5 -9



# വനിതാക്ഷേമം

സാമൂഹ്യ പരിഷ്ക്കരണത്തിനും നാടിന്റെ ഉന്നമനത്തിനും ഏറ്റവുമധികം ഉത്തേജനം നൽകാൻ കഴിവുള്ള വിഭാഗമാണ് സ്ത്രീകൾ. നല്ല സമൂഹത്തെ വാർത്തെടുക്കുവാൻ സ്ത്രീകൾക്കുമാത്രമേ കഴിയൂ എന്നത് എല്ലാവരാലും വാഴ്ത്തപ്പെടുന്ന കാര്യമാണെങ്കിൽപോലും അന്ധവിശ്വാസങ്ങളുടേയും, ചൂഷണത്തിന്റേയും, മർദ്ദനത്തിന്റേയും തിക്തഫലം ഏറ്റവും കൂടുതൽ അനുഭവിക്കുന്നവരും സ്ത്രീകൾ തന്നെയാണ്. സാമൂഹ്യപ്രവർത്തനരംഗത്തും ജീവിതത്തിന്റെ നാനാമേഖലകളിലും പുരുഷന്മാരോടൊപ്പം തുല്യപദവി സ്ത്രീകൾക്കും ഭരണഘടനയിൽ എഴുതിചേർത്തിട്ടുണ്ടെ ങ്കിലും ഈ തുല്യപദവി അവർക്ക് അതേ രീതിയിൽ ലഭിച്ചിട്ടില്ല. ഗ്രാമങ്ങളുടെ സമഗ്രവികസനം സാധ്യമാകണമെങ്കിൽ എല്ലാ തുറകളിലും സ്ത്രീകൾക്ക് പ്രാതിനിധ്യം നല്കണം.

6007 ഹെക്ടർ വിസ്തീർണ്ണമുള്ള വടശ്ശേരിക്കര പഞ്ചായത്തിലെ ജനസംഖ്യ 21860 ആണ്. ഇതിൽ 10792 പുരുഷന്മാരും 11068 സ്ത്രീകളുമാണ് ഉള്ളത്. ഇതിൽതന്നെ ആറുവയസ്സിനുതാഴെമാത്രം പ്രായമുള്ള 1314 ആൺകുട്ടികളും, 1287 പെൺകുട്ടികളുമാണ് ഉള്ളത്. പഞ്ചായത്തിന്റെ സാക്ഷരതാനിരക്ക് 84% ആയിരിക്കുമ്പോൾ സ്ത്രീകളിൽ ഇത് 83% മാത്രമാണ്. ഇന്ന് വിദ്യാഭ്യാസത്തിൽ ഒഴികെ മറ്റെങ്ങുംഅവഗണനയുംഅടിച്ചമർത്തലും അനുഭവിക്കേണ്ടിവരുന്ന ഗതികേടിലാണ് വനിതകൾ. വിദ്യാഭ്യാസം സ്ത്രീകളെ ഒരുപരിധിവരെ അവഗണനയിൽ നിന്നും ഉയർത്തുവാൻ സഹായിച്ചിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ ആദ്യമായി ഒരു വിദ്യാലയം ആരംഭിച്ചത് 1907ൽ കുമ്പളാം പൊയ്കയിലാണ്. ഇന്ന് വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും വിദ്യാസമ്പന്നകളായ സ്ത്രീകൾക്കുപോലും അർഹതയുള്ള തൊഴിലുകൾ ലഭിച്ചിട്ടില്ല. നാമമാത്രമായി ഡോക്ടർമാർ, എൻജിനീയർമാർ, കോളജ്-സ്കൂൾ അദ്ധ്യാപികമാർ, നേഴ്സുമാർ എന്നിവരുണ്ടെങ്കിലുംഗ്രാമത്തിലെ 87% സ്ത്രീകളും ഗൃഹജോലികളിൽ ഒതുങ്ങിക്കഴിയുന്നവരാണ്.

## വനിതാ സംഘടനകൾ

നാമമാത്രമായ മഹിളാ സമാജങ്ങൾ ഒഴിച്ചാൽ ഒറ്റപ്പെട്ട സാമുദായിക മഹിളാസമാജങ്ങൾ മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസപരമായി മുൻപന്തിയിലാണെങ്കിലും സാമൂഹ്യ, രാഷ്ട്രീയ സംഘടനാ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങിയിട്ടുള്ള സ്ത്രീകളുടെ എണ്ണം കുറവാണ്. സാമൂഹിക പ്രവർത്തനരംഗങ്ങളിൽ വളരെക്കാലമായി പിന്നിലായിരിക്കുന്ന സ്ത്രീ സമൂഹത്തെ നിരന്തര ബോധവൽക്കരണത്തിലൂടെ മാത്രമേ പൊതു ജീവിതത്തിലും, തൊഴിൽ മേഖലയിലും അർഹമായ സ്ഥാനങ്ങളിലെത്തിക്കുവാൻ കഴിയുകയുള്ളൂ. സ്ഥല പരിമിതിമൂലവും പഠനോപകരണങ്ങളുടേയും, കളിക്കോപ്പുകളുടേയും അപര്യാപ്തത മൂലവും ഈ പഞ്ചായത്തിലെ അംഗണവാടികളും തൃപ്തികരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നില്ല.

## വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. അംഗണവാടി അദ്ധ്യാപികമാർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല. കൂടാതെ പല അംഗണവാടികളുടെയും സുഗമമായ പ്രവർത്തനത്തിന് വേണ്ടത്ര സൗകര്യമില്ല.
2. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയാവബോധം സ്ത്രീകളിൽ കുറവായതിനാൽ വളരെവേഗം ഇവർ അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും ചൂഷണത്തിനും വിധേയരാവുന്നു

3. സർക്കാരിൽനിന്ന് വനിതകൾക്കായുള്ള വിവിധ സഹായ/തൊഴിൽ പദ്ധതിയെക്കുറിച്ചുള്ള അറിയിപ്പുകൾ അറിയാത്തസ്ഥിതി തുടരുന്നു.

4. തൊഴിൽ നിയമങ്ങൾ അറിയാത്തതു മൂലം ചൂഷണത്തിനു വിധേയരാകുന്നു.

5. സ്വയം തൊഴിൽ, മറ്റു വ്യവസായങ്ങൾ എന്നിവയിൽ താത്പര്യം കാണിക്കുന്നില്ല.

6. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവായതിനാൽ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹജനകമല്ല.

7. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

8. തുല്യജോലിക്ക് തുല്യവേതനം എന്നത് സ്ത്രീകൾക്ക് ഇന്നും വിദൂര സ്വപ്നമാണ്

9. വ്യാപാര മേഖലകളിലും, പൊതുജീവിതത്തിലും സ്ത്രീകൾ ചൂഷണത്തിനു വിധേയരാകുന്നു.

10. വനിതാ സംഘടകൾ, വനിതാ സഹകരണ സംഘങ്ങൾ, മറ്റു മഹിളാ സമാജങ്ങൾ എന്നിവയുടെ അപര്യാപ്തത.

11. മദ്യത്തിന്റേയും, മയക്കുമരുന്നിന്റേയും തിക്തഫലങ്ങൾ ഗ്രാമീണ സ്ത്രീകളാണ് അനുഭവിക്കുന്നത്.

12. വിലക്കയറ്റവും തൊഴിലില്ലായ്മയും ദാരിദ്ര്യത്തിനു വഴിമാറുന്നു.

13. കള്ളവാറ്റും, കരിഞ്ചന്തയും വർദ്ധിച്ചുവരുന്നത് കുടുംബ ഭദ്രത താറുമാറാക്കുന്നു.

14. സ്ത്രീധനവും, സ്ത്രീ പീഢനവും തീരാശാപമായി ഇന്നും നിലനിൽക്കുന്നു.

15. അവശരും, അഗതികളുമായ വൃദ്ധസ്ത്രീകൾക്ക് സംരക്ഷണം ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ/പരിഹാരങ്ങൾ

1. അംഗണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. കുട്ടികളുടെ വിനോദത്തിനും, വിശ്രമത്തിനുമായിവേണ്ട സ്ഥലവും, സൗകര്യവും ഒരുക്കണം.

2. അന്ധവിശ്വാസത്തിനും, അനാചാരത്തിനുമെതിരേ ദീർഘ വീക്ഷണത്തോടെയുള്ള ബോധവൽക്കരണം വാർഡുതലത്തിൽ നടപ്പാക്കണം.

3. സ്ത്രീകൾക്കായുള്ള വിവിധ വായ്പാ പദ്ധതികളേയും പരിശീലന പരിപാടികളേയും സംബന്ധിച്ചുള്ള വിവരങ്ങൾ അപ്പപ്പോൾ ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളിലൂടേയും മറ്റുചിത മാർഗ്ഗങ്ങളിലൂടേയും പ്രചരിപ്പിക്കുക.

4. വ്യവസായം, സ്വയംതൊഴിൽ എന്നിവയെപ്പറ്റിയും, തൊഴിൽ നിയമങ്ങളെ സംബന്ധിച്ചും, ചൂഷണത്തിനെതിരേയും പ്രതികരിക്കുവാൻ ആവശ്യമായ സെമിനാറുകളും, ചർച്ചകളും, ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.

5. സംഘടിത പ്രവർത്തനംകൊണ്ടുള്ള നേട്ടത്തെ സംബന്ധിച്ച് അറിവു നൽകുക.

6. സ്ത്രീകൾക്കു കൂടുതൽ തൊഴിൽ ലഭ്യമാകുന്നതരത്തിൽ വനിതാ സഹകരണ സംഘങ്ങൾ, തയ്യൽ പരിശീലന കേന്ദ്രങ്ങൾ, തുണിനെയ്ത്തുശാലകൾ എന്നിവ തുടങ്ങുക.

7. എല്ലാ സ്വയംതൊഴിൽ പദ്ധതികളിലും സ്ത്രീകൾക്ക് സൗജന്യ പരിശീലനവും പലിശരഹിത വായ്പയും അനുവദിക്കുക.

8. പച്ചക്കറിത്തോട്ടം, ആടുമാടുകളെ വളർത്തൽ, മുട്ട/ഇറച്ചിക്കോഴി വളർത്തൽ, പാൽ ഉല്പന്നങ്ങളുടെ നിർമ്മാണം, മെഴുകുതിരി, സോപ്പ്, ചന്ദനത്തിരി എന്നിവയുടെ നിർമ്മാണം, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം, കൂൺകൃഷികൾ എന്നിവയ്ക്ക് പരിശീലനം നല്കുക.

9. ചൂരൽ, ഈറ്റ, മുള, കാട്ടു വള്ളികൾ ഇവ കൊണ്ടും ചിരട്ട, കളിമണ്ണ്, പാഴ്‌വസ്തുക്കൾ എന്നിവയാലുള്ളതുമായ കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ പരിശീലനവും, സാമ്പത്തിക സഹായവും നല്കുക.

10. അച്ചാറുകൾ, ജാമുകൾ, സ്ക്വാഷുകൾ, നാടൻ വിഭവങ്ങൾ, ചിപ്സുകൾ എന്നിവയുടെ നിർമ്മാണത്തിനും, വിപണനത്തിനും പരിശീലനവും, സാമ്പത്തിക സഹായവും നല്കുക.

11. കമ്പോസിംഗ്, പ്രിന്റിംഗ്, ബുക്ക്ബൈന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ് എന്നിവയിൽ പരിശീലനം നല്കുക.

12. റേഡിയോ, ടെലിവിഷൻ മുതലായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗിനും, റിപ്പയറിംഗിനും പരിശീലനം നല്കുക.

13. ഫോട്ടോസ്റ്റാറ്റ്, കമ്പ്യൂട്ടർ, STD ബൂത്തുകൾ മുതലായവയിൽ പരിശീലനം നല്കി ആയവ സൗജന്യ നിരക്കിൽ സ്ത്രീകൾക്കനുവദിക്കുക.

14. റബ്ബർ മേഖലയായ ഈ പഞ്ചായത്തിൽ സ്ത്രീകൾക്ക് റബ്ബർ ടാപ്പിംഗിൽപരിശീലനംനല്കുക.

15. വിപണന സാധ്യതയുള്ള പ്ലാസ്റ്റിക്ചിരട്ടകൾ റബ്ബർ ഷേഡുകൾ, ചില്ലുകൾ, റബ്ബർ ബാന്റുകൾ, പോളിത്തീൻ സഞ്ചികൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ പരിശീലനം നല്കുക.

16. സ്ത്രീ പീഢനവും, സ്ത്രീധനവും നിരോധിച്ചുകൊണ്ടുള്ള നിയമങ്ങൾ കർശനമായും പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക.

17. പണിയെടുക്കുന്ന തൊഴിലാളി സ്ത്രീകൾക്കു വേണ്ടി അംഗണവാടികളോടനുബന്ധിച്ച് ക്രഷ് അനുവദിക്കുക.

18. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ ജനസംഖ്യാനുപാതികമായി സ്ത്രീകൾക്കു നല്കുക.

# 5 -10



# സഹകരണം

"വികസനത്തിന് സഹകരണമേഖലയെ പ്രയോജനപ്പെടുത്തുക"

കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന കടംതന്നെ പിൻതലമുറയ്ക്ക് ഭാഗിച്ചുകൊടുത്തുകൊണ്ട് മരണമടയുന്നവരാണ് ഇൻഡ്യൻ കർഷകർ എന്ന ചൊല്ല് പ്രസിദ്ധമാണ്.

കടഭാരംകൊണ്ട് നട്ടം തിരിയുന്ന കർഷകന് എല്ലാവിധ ചൂഷണത്തിൽ നിന്നും രക്ഷപ്പെടേണ്ടത് നാടിന്റെ സമഗ്രവികസനത്തിന് ആവശ്യമാണ്

കർഷകരെ സഹായിക്കുന്നതിനും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയാണ് ഉചിതമായ മാർഗ്ഗമെന്ന് ഇന്ത്യ ഗവ. ചിന്തിക്കാൻ തുടങ്ങിയത് 1892-ലാണ്. പാശ്ചാത്യ രാജ്യങ്ങളിലെ സഹകരണപ്രവർത്തനം മനസ്സിലാക്കി ജർമ്മനിയിൽ പ്രവർത്തിച്ചുവന്ന സഹകരണസംഘങ്ങളെ മാതൃകയാക്കി ഇന്ത്യയിൽ സംഘങ്ങൾ രൂപികരിക്കുകയാണ് നാം ചെയ് തത്. ഈ കാലഘട്ടത്തിൽ ഉത്തർപ്രദേശിലും പഞ്ചാബിലും ഏതാനും സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിച്ചിരുന്നു. എന്നാൽ അതിനൊന്നും നിയമസാധുത ഉണ്ടായിരുന്നില്ല. പണം കടം കൊടുക്കുന്നതിനുള്ള സംരക്ഷണ നിയമം ഇന്ത്യയിൽ ഉണ്ടായത് 1904 ലാണ് 1967 ൽ ശ്രീ. E.M.S. മുഖ്യമന്ത്രി ആയിരുന്നപ്പോൾ അന്നത്തെ സഹകരണ സംഘബിൽ നിയമസഭയിൽ അവതരിപ്പിച്ച്, സഹകരണ സംഘബിൽ നിയമസഭാ പാസ്സാക്കുകയും ഇൻഡ്യൻ പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. അങ്ങനെ 1969-ൽ കേരള സഹകരണ സംഘ നിയമം നിലവിൽ വരികയും ചെയ്തു.

വടശ്ശേരിക്കര പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് എഴുപത്തിഅഞ്ച് വർഷത്തിലധികം പഴക്കമുണ്ട്. പരസ്പരസഹായസഹകരണ സംഘങ്ങൾ എന്ന പേരിൽ വിവിധ സമുദായങ്ങൾ അഞ്ചു സഹകരണസംഘങ്ങൾ വടശ്ശേരിക്കര ടൗണിൽ രൂപീകരിച്ചിരുന്നു. ഇവയ്ക്കെല്ലാം സ്വന്തമായി അഞ്ചുസെന്റ് സ്ഥലം ഉണ്ടായിരുന്നു. കാലാന്തരത്തിൽ ഇവയിൽപലതും പ്രവർത്തനരഹിതമാവുകയോ ലിക്വഡേറ്റ് ചെയ്യപ്പെടുകയോ ചെയ്തു. അവയിൽ ഈഴവ പരസ്പര സഹായ സഹകരണസംഘം എന്ന പേരിൽ തുടങ്ങിയ സ്ഥാപനമാണ്. ഇന്ന് വടശ്ശേരിക്കര ടൗണിന്റെ ഹൃദയഭാഗ ത്ത് സ്ഥിതിചെയ്യുന്ന വടശ്ശേരിക്കര സർവ്വീസ് സഹകരണ ബാങ്ക്.

വിവിധ മേഖലകളിലായി താഴെ പറയുന്ന സഹകരണ സംഘങ്ങൾ വടശ്ശേരിക്കര പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1. വടശ്ശേരിക്കര സർവ്വീസ് സഹകരണബാങ്ക്
2. കുമ്പളാംപൊയ്ക സർവ്വീസ് സഹകരണ ബാങ്ക്
3. വലിയകുളം സർവ്വീസ് സഹകരണസംഘം
4. റാന്നി ബ്ലോക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം
5. ഹരിജൻ സർവ്വീസ് സഹകരണസംഘം
6. റബ്ബർ ഉല്പാദക സഹകരണസംഘം
7. ക്ഷീരോല്പാദക സഹകരണസംഘം
8. ചിറ്റാർ മാർക്കറ്റിംഗ് സഹകരണസംഘം
9. സ്ക്കൂൾ സഹകരണസംഘങ്ങൾ

## സഹകരണസംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

കാർഷിക മേഖലയിൽ വടശ്ശേരിക്കര സഹകരണ ബാങ്ക് കുമ്പളാംപൊയ്ക സർവ്വീസ് സഹകരണസംഘം, വലിയകുളം സഹകരണ സംഘം എന്നിവ സാമാന്യംതൃപ്തികരമായി പ്രവർത്തിക്കുന്നു. സ്ക്കൂൾ സഹകരണ സംഘങ്ങൾ മിക്കവാറും പുസ്തക വിതരണത്തിൽ ഒതുങ്ങി നിൽക്കുന്നു. ഈ പഞ്ചായത്തിൽ 4 ക്ഷീരോല്പാദക സഹകരണ സംഘങ്ങളും 4 റബ്ബർ ഉല്പാദക സഹകരണസംഘവും പ്രവർത്തിക്കുന്നു. ഇവുടെ പ്രവർത്തനം വേണ്ടത്ര മെച്ചമാണെന്ന് പറയാൻ കഴിയുകയില്ല. ഈ അടുത്തകാലത്തായി പിറ്റാർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ റബ്ബർ സംഭരണ ഡിപ്പോ വടശ്ശേരിക്കര ടൗണിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## വടശ്ശേരിക്കര സർവ്വീസ് സഹകരണ ബാങ്ക്.

വടശ്ശേരിക്കര പഞ്ചായത്തിലെ ആദ്യകാല സഹകരണ സ്ഥാപനങ്ങളിൽ ഒന്നാണ് വടശ്ശേരിക്കര സർവ്വീസ് സഹകരണ ബാങ്ക്. കിഴക്കൻ മലയോരപ്രദേശത്തിന്റെ കവാടമായ വടശ്ശേരിക്കരക്ക് ഒരു തിലകക്കുറിയാണ് വടശ്ശേരിക്കര സർവ്വീസ് സഹകരണബാങ്ക്.

1099 മീനമാസത്തിൽ ഈഴവ പരസ്പരസഹായ സംഘമാ യി പ്രവർത്തിച്ചു പോന്നസ്ഥാപനമാണ് ഇന്നത്തെ വടശ്ശേരിക്കര സർവ്വീസ് സഹകരണ ബാങ്ക്. വടശ്ശേരിക്കര പഞ്ചായത്തിന്റെ 8, 9, 10 എന്നീ വാർഡുകളാണ് പ്രവർത്തന പരിധി. കാർഷികവും, കാർഷികേതരവുമായ വായ്പകൾ അംഗങ്ങൾക്ക് നൽകുന്നുണ്ടെങ്കിലും വർത്തമാനമായ കൃഷിക്കാരന്റെ താൽപര്യങ്ങൾ സംരക്ഷിക്കുവാനും മാർക്കറ്റിൽ ഇടപെടാനും വേണ്ടത്ര കഴിയുന്നില്ല. വളത്തിന്റേയും മറ്റും ചില്ലറവില്പന തുടങ്ങേണ്ടത് ഈ നാട്ടിലെ കൃഷിക്കാരന്റെ ഒടുങ്ങാത്ത ആഗ്രഹമാണ്. കൂടുതൽ നമ്പർ ചിട്ടി തുടങ്ങേണ്ടതാണ്.

| | |
|---|---|
| സ്ഥാപിച്ച വർഷം | - 1099 മീനമാസത്തിൽ. |
| ആകെ അംഗങ്ങൾ | - 5049 |
| ഓഹരിമൂലധനം | - 1000000 രൂ |
| സ്ഥിരനിക്ഷേപം | - 5303897 രൂ. |
| ഹ്യസ്വകാലനിക്ഷേപം | - 820549.69 രൂ. |
| കാർഷിക വായ്പാവിതരണം | - 1183294 രൂ. |
| അംഗങ്ങൾക്ക് കൊടുക്കാവുന്ന പരമാവധി വായ്പ | - 50000 രൂ. |
| ആൾ ജാമ്യത്തിൽ കൊടുക്കുന്നത് | - 5000 രൂ. |

## കുമ്പളാംപൊയ്ക സർവ്വീസ് സഹകരണ സംഘം

1955 മാർച്ച് 8-ാം തിയതി രൂപംകൊണ്ട ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധി വടശ്ശേരിക്കര പഞ്ചായത്തിലെ 3,4,5,6,7 വാർഡുകളാണ്. കാർഷികവും, കാർഷികേതരവുമായ വായ്പകൾ അംഗങ്ങൾക്ക് നൽകി പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. തലച്ചിറയിൽ ഒരു ബ്രാഞ്ച് പ്രവർത്തിപ്പിക്കുന്നതിന് സ്വന്തമായി സ്ഥലം വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| സ്ഥാപിച്ചവർഷം - | 1955 മാർച്ച് 8 |
| ഓഹരി മൂലധനം - | 930430 രൂ |
| സ്ഥിരം നിക്ഷേപം - | 1196827 രൂ |
| ഹ്രസ്വകാല നിക്ഷേപം - | 1950831 രൂ |
| കാർഷിക വായ്പാ വിതരണം | - 116255 രൂ. |

## വലിയകുളം സർവ്വീസ് സഹകരണ സംഘം

വടശ്ശേരിക്കര പഞ്ചായത്തിലെ ഒന്നും, രണ്ട് വാർഡുകൾ ഇതിന്റെ പ്രവർത്തന പരിധിയിലാണ്. ശൈശവ ദിശയിൽ നിന്നും മുന്നേറുവാൻ ഉള്ള ശ്രമത്തിലാണ് ഈ സംഘം.

| | |
|---|---|
| സ്ഥാപിച്ച വർഷം | 1988 |
| ആകെ അംഗങ്ങൾ | 2312 |
| ഓഹരി മൂലധനം | 382000 രൂ. |
| സ്ഥിരം നിക്ഷേപം | 1400000 രൂ. |
| ഹ്രസ്വകാല നിക്ഷേപം | 600000 രൂ. |
| കാർഷിക വായ്പാവിതരണം | 420000 രൂ. |
| അംഗങ്ങൾ കൊടുക്കുന്ന പരമാവധി വായ്പ | 25000 രൂ. |

## ഹരിജൽ സർവ്വീസ് സഹകരണ സംഘം.

വടശ്ശേരിക്കര പഞ്ചായത്തിൽ നരിക്കുഴി കേന്ദ്രമാക്കി പ്രവർത്തിക്കുന്നു.

അംഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്ന വായ്പ നൽ കുന്നു. ഗ്രാന്റായി കിട്ടുന്ന തുകയാണ് അംഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ പ്രയോജനപ്പെടുത്തുന്നത്.

തയ്യൽ മെഷീൻ. കറവമാടുകൾ തുടങ്ങിയവ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. വടശ്ശേരിക്കര പഞ്ചായത്തിന്റെ 10 വാർഡുകളും ഇതിന്റെ പ്രവർത്തന പരിധിയിലാണ്.

അംഗങ്ങൾ – 295

പ്രവർത്തന മൂലധനം 2 ലക്ഷം രൂപ

I. C. D. P പദ്ധതിയിൽ ഉൾപ്പെടുത്തികെട്ടിടം പണി നടത്തി ക്കൊണ്ടിരിക്കുകയാണ്.

## റാന്നി ബ്ലോക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം.

റാന്നി താലൂക്കിലെ 9 പഞ്ചായത്തുകളാണ് ഇതിന്റെ പ്രവർത്തന പരിധി. ഭവന നിർമ്മാണ വായ്പാ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നു. സ്വന്തമായി വസ്തു ഉള്ള ഏതൊരാൾക്കും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിന് ദീർഘകാല വായ്പ നൽകുന്നു.

| | |
|---|---|
| സ്ഥാപിച്ച വർഷം | 1981 |
| ആകെ അംഗങ്ങൾ | 674 |
| ഓഹരി മൂലധനം | 1148650 രൂ. |
| വിതരണം ചെയ്ത വായ്പ | 12374600 രൂ. |

## ക്ഷീരോത്പാദന സഹകരണ സംഘം.

വടശ്ശേരിക്കര പഞ്ചായത്തിൽ തലച്ചിറ, മനോരമ ജംഗ്ഷൻ. ബംഗ്ലാക്കടവ്. മണിയാർ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മിൽമയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്.

## ചിറ്റാർ മാർക്കറ്റിംഗ് സഹകരണ സംഘം.

1993 ൽ ചിറ്റാറിൽ ആരംഭിച്ചു. ചിറ്റാർ. സീതത്തോട്, വടശ്ശേരിക്കര. പെരുനാട് പഞ്ചായത്തുകൾ ഇതിന്റെ പ്രവർത്തന പരിധിയിലാണ്. കർഷകരിൽ നിന്ന് ന്യായ വിലയ്ക്ക് വാങ്ങുന്ന സ്ഥിര നിക്ഷേപം സ്വീകരിച്ചാണ് പ്രവർത്തനം നടത്തുന്നത്. 1996 ഡിസംബർ 16-ാം തീയ്യതി വടശ്ശേരിക്കരയിൽ റബ്ബർ സംഭരണ ഡിപ്പോ പ്രവർത്തനം ആരംഭിച്ചു. മിതമായ നിരക്കിൽ കീടനാശിനികൾ. ഡിഷ്. ചില്ല്. ആസിഡ് മുതലായവ ഇവിടെനിന്നും ലഭിക്കുന്നതാണ്.

സ്ഥാപിച്ച വർഷം – 1993

ആകെ അംഗങ്ങൾ – 1250

പ്രവർത്തന മൂലധനം – 500000 രൂ.

## റബ്ബർ ഉല്പാദക സഹരണ സംഘം.

പഞ്ചായത്തിൽ ഒന്നിലധികം റബ്ബർ ഉല്പാദക സഹകരണസംഘം പ്രവർത്തിക്കുന്നു. എന്നാൽ റബ്ബർ കർഷകരിൽനിന്ന് പാൽ സംഭരിക്കുന്ന പ്രവർത്തനം കുറവാണ്.

## പ്രശ്നങ്ങൾ

(1) കാർഷിക വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം.

(2) ഇപ്പോൾ ലഭിച്ച് കൊണ്ടിരിക്കുന്ന വായ്പാപരിധി കർഷകരുടെ ആവശ്യങ്ങൾ പരിഹരിക്കുവാൻ അപര്യാപ്തമാണ്.

(3) കൃഷിക്കാർ തങ്ങൾക്ക് കിട്ടുന്ന വായ്പ ആദായകരമായി പ്രയോജനപ്പെടുത്തുവാൻ വേണ്ട ബോധവൽക്കരണത്തിന്റെ കുറവ്.

(4) വായ്പകൾ കാലാവധിക്കുള്ളിൽ തിരിച്ച് അടയ്ക്കുന്നതിനുള്ള നിഷ്ഠക്കുറവ്.

(5) സഹകരണ വിദ്യാഭ്യാസം വേണ്ടവിധത്തിൽ ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ.

(1) നിലവിലുള്ള വായ്പാ കുടിശിഖതോത് കുറച്ച് കൊണ്ട് വരുന്നതിന് ഭരണ സമിതി പ്രത്യേകം ഊന്നൽ നൽകണം.

(2) വായ്പ ഏത് ആവശ്യത്തിന് കൊടുക്കുന്നോ അതിനു വേണ്ടി പണം വിനിയോഗിക്കുന്നുണ്ടോ എന്ന് ഭരണസമിതി ഉറപ്പ് വരുത്തുകയും, യഥാസമയം തിരിച്ച് അടയ്ക്കുന്നതിന് പ്രേരണ നൽകുകയും വേണം.

(3) വിദേശ മലയാളികളുടെ നിക്ഷേപം സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് ആകർഷകമായ പലിശ നൽകണം.

(4) വടശ്ശേരിക്കര സർവ്വീസ് സഹകരണ ബാങ്ക് സ്വർണ്ണ പണയത്തിന്മേൽ വായ്പ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

(5) സഹകരണ സംഘങ്ങൾ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും വേണം.

(6) പഞ്ചായത്തിൽ പാൽ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.

(7) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന റബ്ബർ അധിഷ്ഠിത വ്യവസായം സഹകരണ സംഘങ്ങൾ യോജിച്ച് ആരംഭിക്കണം.

(8) വിവിധ സഹകരണ സംഘങ്ങളുടെ ഉല്പ്പന്നങ്ങളുടെ ഒരു വിപണനകേന്ദ്രം വടശ്ശേരിക്കര ടൗണിൽ ആരംഭിക്കണം.

(9) സർവ്വീസ് സഹകരണ സംഘങ്ങളിൽ S.T.D ബൂത്തുകൾ ആരംഭിക്കണം.

(10) ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഭരണ സമിതികൾ പ്രത്യേകം ശ്രദ്ധിക്കണം.

(11) ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന പാൽ വിതരണയൂണിറ്റ് ആരംഭിക്കണം.

5-11

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഗ്രാമ പഞ്ചായത്തിന്റെ ആകെ ജനസംഖ്യ 21,974 യാണ് അതിൽ 8.8% പട്ടികജാതി പട്ടിക വർഗ്ഗമാണ്. 560 പട്ടികജാതി കുടുംബവും 20 പട്ടികവർഗ്ഗ കുടുംബവും താമസിക്കുന്നു. പട്ടികജാതിയിൽ പുരുഷന്മാർ 1250 സ്ത്രീ കൾ 1233 ഉണ്ട്. ആകെ 2483 പട്ടികജാതിക്കാർ അധിവസിക്കുന്നു. ഈ പഞ്ചായത്തിൽ അംഗീകൃത കോള നിയായി 24 എണ്ണംഉണ്ട്. അതു കൂടാതെ അംഗീകാരത്തി ന്നായി 3 കോളനികൾ ഉണ്ട്. 3 ലക്ഷം വീട് കോളനിയും 2 പുനരധിവാസ പദ്ധതി കോളനിയും ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പ ത്തിക രംഗത്ത്വേണ്ടത്ര പുരോഗതി കൈ വരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന്റെ കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈ വരിക്കാൻ സഹായകമായിട്ടുണ്ട്. കോളനി പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ നന്മയ്ക്ക് അഥവാ പുരോഗ തിക്ക് ഉതകുന്ന സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെട്ട് തൊഴില് ചെയ്യുന്നതിന്. വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സാഹചര്യം പ്രധാനമായും ഉണ്ടാകേണ്ടതാണ്. ഈ ക്ഷേമ പദ്ധതികളുടെപേരിൽ കോടികൾ ചിലവഴിക്കുന്നുണ്ട് എ ന്നിട്ടും ഈ ജനവിഭാഗത്തിന്റെ ജീവിതനിലവാരം ഉയർ ന്നില്ല. സർക്കാർ പണം അനുവദിക്കുന്നതല്ലാതെ അതിന്റെ ഫലം എന്തായി എന്ന് ആരും വിലയിരുത്തുന്നില്ല. പല പദ്ധതികളും കാലഹരണപ്പെട്ടതാണ്. ഇവയെല്ലാം പരിഷ് ക്കരിച്ച് നടപ്പാക്കണം. എല്ലാ വകുപ്പുകളിൽനിന്ന് പത്തു ശതമാനം തുക പട്ടികജാതി പട്ടിക വർഗ്ഗം വിഭാഗത്തിന് വേണ്ടി ചെലവാക്കണം. ഏതെങ്കിലും പദ്ധതി നടപ്പാക്കു ന്ന രീതിയാണ് ഇന്നുള്ളത്.

മുൻ കാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങ ളിൽനിന്ന് പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞി ട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടേയും എല്ലാത്തരം ചടങ്ങു കളിലും പങ്കെടുക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുവരുന്നുണ്ട്. സാംസ്കാരിക ഉന്നതിക്ക് വേണ്ടി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതും അതിലൂടെ സാമൂഹിക പുരോഗതി കൈവരിക്കാൻ ശ്രമിക്കേണ്ടതും ആണ്.

## വിദ്യാഭ്യാസം.

പഞ്ചായത്തിൽ പൊതുവേ നിരക്ഷരർ കുറവാണെ ങ്കിലും വിദ്യാഭ്യാസത്തിന് വേണ്ടത്ര പുരോഗതി കൈവരി ക്കുവാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെ ട്ടകുട്ടികൾ S.S.L.C വരെപഠിച്ച് അവിടെത്തന്ന് പഠിത്തം നിർത്തുന്നത് ഒരു സ്ഥിതിവിശേഷമാണ്. ഇന്ന് നിലവിലു ള്ളത് പരിഹരിക്കണമെങ്കിൽ അവരുടെ ഇടയിൽ ബോധ വൽക്കരണം ആവശ്യമാണ്. കുടുംബബാധ്യത ഏറ്റെടു ക്കേണ്ടിവന്നതിനാൽ പഠനം നിർത്തേണ്ടിവന്ന നിരവധി കുട്ടികൾഉണ്ട്. S.S.L.Cക്ക് ഉപരിയായി വിദ്യാഭ്യാസമുള്ള വരുടെ എണ്ണം വളരെക്കുറവാണ്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം അത്യാവശ്യമാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യ കത ബോധ്യപ്പെടുന്നതിന് വിദ്യാഭ്യാസ സമ്പന്നരായ ആളു കളെ ബന്ധപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ കോളനികൾ നടത്തേണ്ടത് അത്യാവശ്യമാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക തൊഴിൽ മേഖലയിൽ തൊഴിൽ എടുത്ത് ഉപജീവനം നടത്തുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽവന്ന തകർച്ച് ഈ വിഭാഗത്തിന്റെ തൊഴിൽ മേഖലയിൽ മാന്ദ്യം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ജീവിതമാർഗ്ഗത്തിനുവേണ്ടി മറ്റ് മേഖലയിലേക്ക് പോകാൻ നിർബന്ധിതരാകുകയും ചെയ്തു. തൊഴിലിൽ സ്ത്രീ പുരുഷ ഭേദമില്ലാതെ ഒരുപോലെ അദ്ധ്വാനിക്കുന്നു. ഭക്ഷ്യ ഉത്പാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്തു ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം. കൂലിവേല ചെയ്തു മാത്രം ഉപജീവനമാർഗ്ഗം നടത്തിവരുന്നു. ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ഇവരുടെ ഇടയിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് പുതിയ തൊഴിൽമേഖലയിൽ പ്രാമുഖ്യം നൽകേണ്ടതാണ്.

## പാർപ്പിടം

ഈ പഞ്ചായത്തിൽ പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതി സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങൾ ഉണ്ടെങ്കിൽ കൂടി ചെറ്റക്കുടിലുകളിൽനിന്ന് മോചനമായിട്ടുണ്ട്. സർക്കാർ ഏജൻസികൾ മുഖേന നൽകി വരുന്ന ധനസഹായം അർഹപ്പെട്ട കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കുന്നില്ല. ലോൺ എടുത്ത് പൂർത്തീകരിക്കാത്ത പല വീടുകളും ഇന്ന് ഈ പ്രദേശത്ത് നിലവിലുണ്ട് അവസാനം കടക്കെണിയിൽ അകപ്പെട്ട് പോയതുകൊണ്ട് പൂർത്തീകരിക്കാത്ത അവസ്ഥയിലാണ് പല പട്ടികജാതി കുടുംബങ്ങളും. അതുകൊണ്ട് വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പലരും പഴയ അവസ്ഥയിലേക്ക് മാറുകയാണ്. വീട് വെയ്ക്കാൻ സ്ഥലം ഇല്ലാത്തകുടുംബങ്ങൾക്ക് ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനഃരധിവാസ പദ്ധതിപ്രകാരം അനുവദിച്ച് കൊടുത്തെങ്കിൽ മാത്രമേ ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കയുള്ളൂ.

പല കോളനികളിലും കക്കൂസ് നിലവിലില്ലാത്തത അതുകൊണ്ട് ഓരോ വീടിന് ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ച് കൊടുത്ത് ഈ പ്രശ്നം പരിഹരിക്കപ്പെടണം.

അതുപോലെ ലക്ഷം വീട് കോളനികളിൽ കക്കൂസ് അത്യാവശ്യമാണ്. മേൽപറഞ്ഞ സൗകര്യങ്ങളെക്കുറിച്ച് കോളനിയുടെ പേരും വീടിന്റെ എണ്ണവും അംഗങ്ങളുടെ എണ്ണവും 1-ാം പട്ടികയിൽ ചേർക്കുന്നു.

6 വടശ്ശേരിക്കര പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഹരിജൻ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തിക പുരോഗതി കൈവരിക്കാത്തതിനാൽ ടി സംഘത്തിലെ അംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

## പ്രശ്നങ്ങൾ

1 വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.

2 കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷിക മേഖലകളിൽനിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോവുന്നു അതുകൊണ്ട് തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു.

3 എല്ലാവർക്കും സ്വന്തമായി ഭൂമിയില്ല. അതിനാൽ വീടില്ല.

4 വീട് നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ വരുന്നു.

5 പ്രാഥമിക സൗകര്യങ്ങൾ ഇല്ല. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല അതുപോലെ വൈദ്യുതി

6 പൊതുശ്മശാനം ആവശ്യമാണ്

7 കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

8 പട്ടികജാതി വികസനകോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്നവായ്പകളും ധനസഹായവും ലക്ഷ്യം തേടുന്നില്ല.

9 I.R.D.P പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം.

10 പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് അറിവ് വേണ്ടത്ര ലഭിക്കുന്നില്ല.

## സാധ്യതകൾ

### 1. വൈദ്യുതി

പഞ്ചായത്തിലെ 17 ഏക്കർ തടത്തിൽ കൊളനി, തെക്കുംമല അംബേദ്കർ കോളനി, മണിയാർ ഹരിജൻ കോളനി വൈദ്യുതികരിച്ചിട്ടുണ്ട്. മറ്റു കോളനികൾ വൈദ്യുതികരിക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപംനൽകണം

### 2. കുടിവെള്ളം

കോളനികൾ കുടിവെള്ളം പ്രശ്നം അതിരൂക്ഷമാണ്. വർഷത്തിൽ 6 മാസം മാത്രമേ കുടിവെള്ളം ലഭിക്കുകയുള്ളൂ. കോളനികളിൽ Water Supply Scheme പരിഹരിക്കുന്നതിന് വേണ്ടി Panchayat Block എന്നീ Agency കൾ കിണറുകളും കുഴൽകിണറുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗപ്രദമല്ല. കോളനികളിൽ ജലദൗർലഭ്യം പരിഹരിക്കുന്നതിന് പുതിയ വാട്ടർ സ്കിം നടപ്പാക്കേണ്ടതാണ്

### റോഡുകൾ

മിക്ക കോളനി റോഡുകളും സഞ്ചാര യോഗ്യല്ലാതായിട്ടുണ്ട്. ഈ റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ എത്രയുംവേഗം സഞ്ചാരയോഗ്യമാക്കണം. ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ താമസിക്കുന്നത് ഉയർന്ന പ്രദേശങ്ങളായ തെക്കുംമല, കൊടുമുടി, കടമാൻകുന്ന്, പുള്ളിപ്പിമാംതടം, പ്ലയിൻ പാറ, വലിയകുളം കോടമല, തലച്ചിറ മണിയാർ ഹരിജൻകോളനി മുതലായ സ്ഥലങ്ങളിലേക്ക് റോഡുകൾ സഞ്ചാരയോഗ്യമല്ല.

കോളനിയിലെ റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

## പട്ടിക ജാതി, പട്ടിക വർഗ്ഗം ക്ഷേമം മുൻനിർത്തി സത്വരശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
2. പഞ്ചായത്ത് കോളനിയിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപികരിക്കുകയും ചെയ്യുക. ഇതിനെല്ലാവിധ സഹായവും നൽകുക.
3. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
4. അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന (പട്ടികജാതി വികസന വകുപ്പ് ഹരിജൻ കോർപ്പറേഷൻ) വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക. വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിന് ഏല്പിക്കുകയും ചെയ്യുക.
5. വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പ ഉദ്ദേശിച്ച കാര്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന പരിശോധനയ്ക്കും വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
6. പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.
7. വീട് നിർമ്മാണ ധന സഹായം വർദ്ധിപ്പിക്കുക വീട് വെക്കുന്നതിനോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുക.
8. ലക്ഷംവീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കി മാറ്റുക.
9. വീട് പുതുക്കിപ്പണിയുന്നതിന്, അറ്റകുറ്റപ്പണിക്ക് പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പാക്കുക.
10. അഭ്യസ്ഥവിദ്യരെ ട്രൈസം പരിപാടിയിൽ കൂടി തൊഴിൽ നൽകുക.

11. റോഡ് വെട്ടാന് പ്രയാസമുള്ള സ്ഥലത്ത് നടപ്പാതകെട്ടി സഞ്ചാരപ്രദമാക്കുക.
12. തിരാവ്യാധികളാൽ വലയുന്നവർക്ക് സർക്കാരിൽനിന്ന് വൈദ്യസഹായം നൽകുക.
13. വികലാംഗ, വിധവ, കർഷക തൊഴിലാളി പെൻഷൻ നിലവില്ലാത്തവർക്ക് നടപ്പിൽ വരുത്തുക.
14. മൃഗസംരക്ഷണ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ പശു, ആട് മുതലായവ കിട്ടുന്നതിന് ആവശ്യ മായ കാര്യങ്ങൾ ചെയ്യുക.
15. ജാതീയമായ വിഭാഗീയ ചിന്തകൾക്കെതിരേയുള ബോധവൽക്കരണ പരിപാടികൾ വാർഡ് അടിസ്ഥാനത്തിൽ നടത്തുക.
16. പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പദ്ധതി നടപ്പാക്കുക.
17. ദളിത് ക്രൈസ്തവരെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തുക.

ക്ഷേമ പദ്ധതികളേക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവിശ്യമാണ്. ക്ഷേമപദ്ധതികൾ അർഹരായപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ച് വരുന്ന ഹരിജന ക്ഷേമ വകുപ്പുകൾ പട്ടിക ജാതി കോർപ്പറേഷനും നടപ്പാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തേണ്ടതുണ്ട്.

ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ വിഭാഗത്തിന് വായ്പകളും ധന സഹായങ്ങളും, ഉപയോഗപ്പെടുത്തി തൊഴിൽ സംരഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയും.ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

പട്ടിക 1

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | I | ലക്ഷം വീട് ചെറുകുളഞ്ഞി | 16 | 64 |
| 2. | II | കോലിഞ്ചിപ്പള്ളി കോളനി | 7 | 32 |
| 3. | II | കണ്ണന്താനം | 24 | 120 |
| 4. | IV | കണ്ണമ്പാറ ചെങ്ങറ മുക്ക് | 15 | 70 |
| 5. | IV | ഓമത്താക്കുഴി | 10 | 56 |
| 6. | V | നെയ്ത്തടം പ്രിയദർശിനി | 40 | 130 |
| 7. | V | നവോദയ പുളിച്ചി മാന്തടം | 16 | 52 |
| 8. | VI | ഉദയാ ഹരിജൻ കോളനി കുമ്പളത്താമൺ | 15 | 60 |
| 9. | VI | കോടമല കോളനി | 6 | 30 |
| 10. | VI | അയ്യൻകാളി കോളനി ബാലവാടി | 15 | 75 |
| 11. | VI | 5 സെന്റ് കോളനി മുക്കുഴി | 24 | 85 |
| 12. | VI | കൊമ്പനോലി കോളനി | 20 | 80 |
| 13 | VI | അംബേദ്കർ തെക്കുമല കോളനി | 30 | 126 |
| 14 | VI | ഹരിജൻകോളനി(29)തെക്കുംമല | 35 | 160 |
| 15 | VII | നവോദയകോളനി തലച്ചിറ | 24 | 120 |
| 16 | VII | ലക്ഷം വീട് ആലയ്ക്കൽപടി | 24 | 96 |
| 17 | VII | കുളത്തിങ്കൽ കോളനി | 20 | 75 |
| 18 | VII<br>VIII | പുലിപാറതടം നരിക്കുഴി<br>വടശ്ശേരിക്കര ലക്ഷംവീട് | 20<br>18 | 85<br>122 |
| 19 | IX | ഗിരിജൻ കോളനി ഒളികല്ല് | 20 | 70 |
| 20 | IX | 17ഏക്കർ ഹരിജൻ കോളനി | 40 | 110 |
| 21 | IX | രമാഭായി ബൗണ്ടറി | 28 | 102 |
| 22 | IX | തടത്തിൽ കോളനി | 12 | 45 |
| 23 | IX | കൊച്ചരിക്കയ്ക്കാവ് ബൗണ്ടറി | 13 | 75 |
| 24 | X | മണിയാർ ഹരിജൻ കോളനി | 29 | 68 |

കോളനികളിൽ ആവശ്യമുള്ള വീടുകളുടെയും
കക്കൂസിന്റെയും എണ്ണം പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | കോളനിയുടെപേര് | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസിന്റെ എണ്ണം |
|---|---|---|---|
| 1 | ചെറുകുളഞ്ഞി കണ്ണാംപാറ | 16 | 10 |
| 2. | ഓമത്താം കുഴി | 12 | 28 |
| 3 | നെയ്ത്തടം പ്രിയദർശിനി | 12 | 20 |
| 4 | നവോദയ പുളിച്ചി മാന്തടം | 4 | 10 |
| 5 | ഉദയ കുമ്പളത്താമൺ | 8 | 12 |
| 6 | കോടമല | 4 | 10 |
| 7 | അയ്യൻകാളി കോളനി | 20 | 30 |
| 8 | അംബേദ്കർ തെക്കുംമല | 10 | 20 |
| 9 | 29 കോളനി | 10 | 12 |
| 10 | നവോദയ നിരവേൽ | 10 | 15 |
| 11 | പുലിപ്പാറത്തടം | 10 | 15 |
| | വടശ്ശേരിക്കര ലക്ഷം വീട് | - | 1 |
| 12 | രമാഭായി | 20 | 12 |
| 13 | മണിയാർഹരിജൻസെറ്റിൽമെന്റ് കോളനി | 10 | 18 |
| 14 | തടത്തിൽ ബൗണ്ടറി | 15 | 22 |
| 15 | ചെമ്പരത്തി മൂട് | 15 | 20 |
| 16 | കണ്ണന്താനം വലിയകുളം | 20 | 25 |
| 17 | കോലിഞ്ചിപ്പള്ളിപടി കോളനി | 4 | 7 |

5 -12

# വിഭവ സമാഹരണം

ഒരു ഗ്രാമത്തിന്റെ പുരോഗതിയുടെ മാനദണ്ഡം അവിടുത്തെ ജനങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക രംഗത്തെ പുരോഗതിയാണ്. സാമ്പത്തിക പുരോഗതി തൊഴിലിനേയും സാമൂഹിക പുരോഗതി വിദ്യാഭ്യാസത്തെയും അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്.

ഇവിടുത്തെ ഭൂരിപക്ഷം ജനങ്ങളും കാർഷികമേഖലയെ ആശ്രയിച്ചുമാത്രം ജീവിക്കുന്നവരാണ്. വ്യാപകമായ റബ്ബർ കൃഷി വാഴ, മരച്ചീനി. ഇഞ്ചി വെറ്റിലക്കൊടി. മുതലായ മറ്റു വിളകൾ കൃഷിചെയ്യുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിച്ചു നെൽകൃഷിയിൽ നിന്നും അടിക്കടിയുടായ നഷ്ടങ്ങൾ നിലങ്ങൾ നികത്തി മററുവിളകൾ കൃഷിചെയ്യുവാൻ കർഷകരെ നിർബ്ബന്ധിതരാക്കി മറ്റു മേഖലക ളിലെ വേതനവർദ്ധനവ് തൊഴിൽലഭ്യത കുറഞ്ഞ അദ്ധ്വാനം എന്നി ഘടകങ്ങൾ തൊഴിലാളികളെ കാർഷിക തൊഴിലിൽ നിന്നും പിന്തിരിപ്പിക്കുവാൻ കാരണമായിത്തീർന്നു. ചെറുകിട നാമമാത്ര കർഷകർ രൂക്ഷമായ സാമ്പത്തിക തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കർഷകരുടെ പിൻതുടർച്ചക്കാർ കാർഷിക വൃത്തി സ്വീകരിക്കുവാൻ വൈമനസ്യം കാട്ടുന്നതിന്റെ കാരണവും മറ്റൊന്നല്ല.

ദാരിദ്ര രേഖക്ക് താഴെക്കഴിയുന്നവർക്ക് അടിസ്ഥാന ജീവിത ജീവിതസൗകര്യങ്ങൾ എത്തിച്ചു കൊടുക്കുന്നതിൽ കേരളത്തിലെ പഞ്ചായത്തുകൾക്ക് ഇന്നു സാധിക്കുന്നില്ല. പഞ്ചയാത്തുകൾ സ്വയംപര്യാപ്തമാകാതെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പുരോഗതി കൈവരിക്കാനാവുകയില്ല. കൂടുതൽ വിഭവസമാകരണം

പഞ്ചായത്തിന്റെ . നിലവിലുള്ള വരുമാനമാർഗ്ഗങ്ങൾ

1. കെട്ടിട നികുതി
2. തൊഴിൽ നികുതി
3. വിനോദ നികുതി
4. മാർക്കറ്റ് നികുതി
4. പഞ്ചായത്ത് വക നാർക്കറ്റ് സ്റ്റാൾ
6. നണൽലേലം
7. വാടക

പഞ്ചായത്തിന്റെ **1995-96** വർഷത്തെ കെട്ടിടനികുതി

| വാർഡ് | ആകെ കെട്ടിടങ്ങൾ | വാർക്ക കെട്ടിടങ്ങൾ | ഓട്ട്/ഷീറ്റ് മേൽക്കൂരയുള്ളത് | കുടിൽ ഓല/ ഷീറ്റ | റിമാർക്ക്സ് |
|---|---|---|---|---|---|
| I | 618 | 190 | 406 | 22 | |
| II | 693 | 216 | 448 | 29 | |
| III | 547 | 154 | 377 | 16 | |
| IV | 509 | 166 | 329 | 14 | |
| V | 610 | 129 | 469 | 12 | |
| VI | 726 | 248 | 469 | 9 | |
| VII | 835 | 242 | 566 | 27 | |
| VIII | 903 | 370 | 520 | 13 | |
| IX | 530 | 138 | 378 | 14 | |
| X | 876 | 253 | 610 | 13 | |

പഞ്ചായത്തിന്റെ 1995-96 വർഷത്തെ വരുമാനം

| | ഇനം | തുക |
|---|---|---|
| 1. | കെട്ടിട നികുതി | 2767745-50 |
| 2. | തൊഴിൽ നികുതി | 102598-50 |
| 3. | വിനോദ നികുതി | 141124-00 |
| 4. | ലൈസൻസ് | NIL |
| 5. | ചന്ത ലേലം | 13299-00 |
| 6. | മാർക്കറ്റ് | 76107900-00 |
| 7. | വാടക | 59900-00 |
| 8. | മണൽലേലം | 10000-00 |
| 9. | വസ്തുകൈമാറ്റ നികുതി | 400200-00 |
| 10. | അടിസ്ഥാന നികുതി | 242666-00 |
| 11. | വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ | 50000-00 |
| 12. | കമ്മ്യൂണിറ്റി ഹാൾ | 288019-00 |
| 13. | മറ്റിനങ്ങൾ | 800-00 |
| | | 374003-00 |

മേൽപ്പറഞ്ഞ വരുമാനം ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ അപര്യാപ്തമാണ്. ജനങ്ങൾക്ക് അധികഭാരമുണ്ടാകാതെ പുതിയ മാർഗ്ഗങ്ങളിൽ കൂടി വിഭവസമാഹരണം കണ്ടെത്തേണ്ടിയിരിക്കുന്നു.

നിയമാനുസരണമുള്ള രീതിയിലാണ് കെട്ടിടനികുതി നിർണ്ണയിച്ചുപോരുന്നത്. വാർഷിക വാടകമൂല്യത്തിന്റെ ആറുശതമാനം മുതൽ പത്തുശതമാനം വരെ കെട്ടിടനികുതി ഈടാക്കുവാൻ നിയമം അനുശാസിക്കുന്നുണ്ട്. ഇപ്പോൾ കെട്ടിട നികുതി നിർണ്ണയിക്കുന്നതിൽ പല അപാകതകളും ഉണ്ട് വിസ്തീർണ്ണത്തിന്റെയും നിർമ്മാണത്തിനുപയോഗിച്ച ആസംസ്കാരവസ്തുക്കളുടെയും മാനദണ്ഡം കൂടി കണക്കിലെടുത്ത് തേയ്മാനചിലവു കുറച്ച് വേണം നിശ്ചയിക്കേണ്ടത്. സ്ഥിരമായ ചുവരുകളുള്ള എല്ലാ വീടുകൾക്കും നികുതി ചുമത്തണം. ഉദ്യോഗസ്ഥരും ജനകീയകമ്മറ്റിയും കൂട്ടായി ചേർന്നു വേണം നികുതി തിട്ടപ്പെടുത്തേണ്ടത്.

സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ചുള്ള വിവരം

| | | | | | |
|---|---|---|---|---|---|
| വിദ്യാഭ്യാസം | സർക്കാർ 63 | എയിഡഡ് 173 | സ്വകാര്യം 13 | ആകെ 249 | തൊഴിൽനികുതി 21560 |
| ആരോഗ്യം | സർക്കാർ 20 | സഹകരണം | 7 | 27 | 4125 |
| കൃഷി | സർക്കാർ 6 | സഹകരണം | 362 | 368 | 9200 |
| ജലസേചനം | 9 | | | 9 | 2125 |
| ഊർജ്ജം | 48 | | 2 | 50 | 6000 |
| സാമൂഹ്യക്ഷേമം | 6 | | | 6 | 1325 |
| ബാങ്കിംഗ് | പൊതുമേഖല 24 | സഹകരണം 12 | സ്വകാര്യം | ആകെ 36 | 8690 |
| വാർത്താവിനിമയം | 41 | | | 41 | 5000 |
| ക്രമസമാധാനം മൃഗസംരക്ഷണം | 9 | | | 9 | 1250 |
| സഹകരണം | 4 | | | 4 | 500 |
| വനം | 15 | | | 15 | 2750 |
| മറ്റ് ഗവ: സ്ഥാപനങ്ങൾ | 23 | | | 23 | 5000 |
| കച്ചവടസ്ഥാപനങ്ങൾ | | | 385 | 385 | 13875 |

| | സർക്കാർ | സഹകരണം | സ്വകാര്യം | ആകെ | തൊഴിൽ നികുതി |
|---|---|---|---|---|---|
| സഹകരണം | | 4 | | 4 | 500 |
| വനം | 15 | | | 15 | 2750 |
| മാർക്കറ്റ് | | | | | |
| സ്ഥാപനങ്ങൾ | 23 | | | 23 | 5000 |
| കച്ചവടസ്ഥാപനങ്ങൾ | | | 385 | 385 | 13875 |

വിദേശത്ത് ജോലി ചെയ്യുന്നവർ

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 373 | 216 | 172 | 543 | 346 | 162 | 236 | 592 | 286 | 234 |

പ്രസിഡന്റിന്റെ സഹായനിധി

പ്രസിഡന്റിന്റെ സഹായനിധി എന്ന പേരിൽ ഒരു നിധി സ്വരൂപിക്കുകയും വരൾച്ച, വെള്ളപ്പൊക്കം, മാരകമായ രോഗം ഉണ്ടാകുമ്പോൾ ടി ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതാണ്.

**ബാങ്കുകളുടെ വായ്പാ നിക്ഷേപാനുപാതം ( 1995-96)**

| | ബാങ്കിന്റെ പേര് | വായ്പാ | നിക്ഷേപം |
|---|---|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | -- | - |
| 2. | കനറാ ബാങ്ക് | 26,91,000-00 | 12 crores |
| 3. | സഹ: ബാങ്ക് കുന്നത്തും പൊയ്ക | | |
| | സർവ്വീസ് സഹ: ബാങ്ക് | - | - |
| 4. | വടശ്ശേരിക്കര " " | 69,42,962-00 | 58,44,627-00 |
| 5. | റാന്നി ബ്ലോക്ക് റൂറൽ ഹൗസിങ് | - | - |
| 6. | വലിയകുളം സർവ്വീസ് കോ:ഓപ്പ:സൊസൈറ്റി | - | - |

വായ്പകൾ നൽകുന്നതിൽ ബാങ്കുകൾ പിന്നോക്കം നിൽക്കുന്നു. ജില്ലാ സഹകരണബാങ്കാണ് കൂടുതൽ വായ്പകൾ നൽകിയിട്ടുള്ളത്. ഉൽപാദനപരമായ കാര്യങ്ങൾക്ക് പഞ്ചായത്ത് വായ്പയെടുക്കുന്നത് സംബന്ധിച്ച് ചിന്തിക്കേണ്ടതാണ്. കൂടാതെ സമ്പന്നരായ തദ്ദേശവാസികളിൽനിന്നും മറ്റും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുകയും ചെയ്യാം.

## ചെലവുകൾ

ഉൽപാദനപരമല്ലാത്ത ജോലികളിൽ മുതൽ മുടക്കുന്നതും, കാര്യക്ഷമമായ ആസൂത്രണത്തിന്റെ അഭാവവും വർദ്ധിച്ച ഭരണ ചെലവുകളും പലപ്പോഴും പ്രവർത്തനങ്ങളെ സാരമായി ബാധിക്കാറുണ്ട്. മൺറോഡുകളിൽ മെയിന്റനൻസ് നടത്തുമ്പോൾ വർഷകാലത്തോടുകൂടി വീണ്ടും ഒലിച്ചു പോകുന്നു. പൈപ്പ് ലൈനുകൾപൊട്ടി വെള്ളം ഒലിച്ച് റോഡുകൾ നശിക്കുന്നു. മഴവെള്ളം ഒഴുകി പോകുന്നതിന് സ്ഥിര മായി ഓടകൾ നിർമ്മിക്കണം. റോഡുകളുടെ അറ്റകുറ്റപ്പണികൾ അതാതു പ്രദേശവാസികളെയും ഉൾപ്പെടുത്തി നടത്തണം.

വൈവിദ്ധ്യവൽകരിച്ച പ്രവർത്തനങ്ങളിലൂടെ സാമ്പത്തിക- സാമൂഹിക വിദ്യാഭ്യാസ രംഗങ്ങളിൽ ഒരു കുതിച്ചു

പ്പാട്ടം നടത്തുവാൻ ശ്രമം നടന്നുവരുന്നു. എല്ലാ രംഗത്തും സ്വാതന്ത്ര്യം കൈവരിക്കാനും സ്വാശ്രയഗ്രാമം സുന്ദരഗ്രാമം എന്ന മുദ്രാവാക്യം അർത്ഥപൂർണ്ണമാക്കാനും ഒത്തൊരുമിച്ചുള്ള പ്രവർത്തനം നടത്തിയേ തീരൂ. രാഷ്ട്രീയാതീതവും ജാതിമതവർഗഭേദമെന്യേയുമുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് ഭരണത്തിൽ പ്രതിഫലിക്കേണ്ടത്.

## മനുഷ്യാദ്ധ്വാനം

വിഭവം എന്നാൽ പണം മാത്രമല്ല. മനുഷ്യന്റെ അദ്ധ്വാനശേഷിയും വിഭവസമ്പത്താണ്. പഞ്ചായത്തിന്റെ വികസന കാര്യങ്ങൾക്ക് വൻതോതിൽ മനുഷ്യാദ്ധ്വാനം ആവശ്യമുണ്ട്. ജനകീയ സമിതികൾ സന്നദ്ധസംഘടനകൾ യുവജനസംഘങ്ങൾ എന്നിവയുടെ അദ്ധ്വാനവിഭവസമാഹരണം നടത്തി മനുഷ്യാദ്ധ്വാനം സ്വരൂപിക്കാം.

പ്രശ്നങ്ങൾ

1. പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഫണ്ടുകൾ ഇപ്പോൾ ലഭ്യമല്ല.
2. പഞ്ചായത്ത് സ്റ്റാളുകൾക്ക് വാടകപുതുക്കി നിശ്ചയിക്കുകയും നിശ്ചയിച്ചതിൽ അപാകതയുണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്യുക.
3. കെട്ടിടനികുതിയിനത്തിൽ വരുമാനം കുറവാണ്.
4. പഞ്ചായത്ത് വക പുറമ്പോക്കു ഭൂമികൾ ഉപയോഗശൂന്യമായി കിടക്കുന്നു.
5. സാമ്പത്തിക പരിമിതിമൂലം വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല.
6. വരവിനെക്കാൾ കൂടിയ ചെലവുകൾ.

## സാദ്ധ്യതകൾ

1. പഞ്ചായത്ത് മാർക്കറ്റ് സ്റ്റാളിന്റെ വാടക കാലാനുസൃതമായി പുതുക്കി നിശ്ചയിച്ച് വരുമാനം വർദ്ധിപ്പിക്കുക.
2. പുതിയ അനുമതി/ഗാല പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കുക.
3. കെട്ടിട നികുതി നിരക്ക് പുതുക്കി നിശ്ചയിക്കുക.
4. വിനോദ നികുതി വർദ്ധിപ്പിക്കുക.
5. ഫണ്ടുകൾ, ഗ്രാന്റുകൾ യഥാസമയം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
6. ആറ്റു മണൽ പുറത്തകൊണ്ടുപോകുന്ന വാഹനങ്ങൾക്ക് ടോൾ ഏർപ്പെടുത്തി വസൂലാക്കുക.
7. വാർഡുകൾതോറുമുള്ള വികസനസമിതികളുടെ നേതൃത്വത്തിൽ സന്നദ്ധസംഘടനകളുടെ സഹായം പ്രയോജനപ്പെടുത്തി ശ്രമദാനത്തിലൂടെ വികസനപ്രവർത്തനങ്ങൾ നടത്തുക.
8. പഞ്ചായത്ത് വക ടാക്സി സ്റ്റാന്റ് നിർമ്മിച്ച് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയും ശബരിമല സീസണിൽ നിലവിലുള്ള പാർക്കിംഗ് സൗകര്യം അയ്യപ്പവാഹനങ്ങൾക്ക് കൂടി നൽകിയും പാർക്കിംഗ് ഫീസ് ഈടാക്കാം.
9. ടൗണിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് മാർക്കറ്റിംഗ് കോംപ്ലക്സ് (ഷോപ്പിംഗ് കോംപ്ലക്സ്) സ്ഥാപിച്ച് വാടക ഈടാക്കാവുന്നതാണ്.
10. പഞ്ചായത്ത്‌വക പുറമ്പോക്ക് ഭൂമികൾ സർക്കാർ സ്ഥാപനങ്ങൾക്കും വ്യവസായ സംരംഭകർക്കും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വാടകയ്ക്കു നൽകാവുന്നതാണ്.
11. എല്ലാ വിഭാഗം തൊഴിലാളികളെയും തൊഴിൽ നികുതിദായകരുടെ പട്ടികയിൽ ഉൾപ്പെടുത്തുക.

# കൃതജ്ഞത

വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് സമഗ്രവികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കക്ഷി രാഷ്ട്രീയ ഭേദമന്യേ സഹകരിച്ച എല്ലാവർക്കും നന്ദി.

ഇത് തയ്യാറാക്കുന്നതിൽ വന്നുപോയിട്ടുള്ള തെറ്റുകുറ്റങ്ങൾ സദയം ക്ഷമിക്കുക.

**ശ്രീമതി ആനി ജേക്കബ് താഴത്തില്ലത്ത്**

( ചീഫ് എഡിറ്റർ & പ്രസിഡന്റ് )

വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത്

# അധികാരം ജനങ്ങൾക്ക്

☞ അധികാര വികേന്ദ്രീകരണം വഴി
ജനകീയവും ശാസ്ത്രീയവുമായ
ഗ്രാമതല ആസൂത്രണം

☞ 9 - ാം പദ്ധതി ജനകീയ പദ്ധതി

☞ 40% പദ്ധതി വിഹിതം
പഞ്ചായത്തുകൾക്ക്

☞ വികസനപ്രക്രിയ
അഴിമതി രഹിതമാവുന്നു

☞ ബഹുജന സഹകരണം
അനിവാര്യം

Printed at *Print Art* Offset Printers, Kozhencherry
Phone : 0473 - 314392, 314621, 313239, Res. 314359